2023
AUGUST
14
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഓൺലൈൻ ഗെയിമിന് 28% ജിഎസ്ടി; നിയമഭേദഗതി പാസാക്കി

**ന്യൂഡൽഹി:** ഓൺലൈൻ ഗെയിം, കസിനോ, കുതിരപ്പന്തയം എന്നിവയ്ക്ക് 28% നികുതി ഏർപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി പാർലമെന്റിന്റെ ഇരുസഭകളും പാസാക്കി. കേന്ദ്ര ജിഎസ്ടി (സിജിഎസ്ടി) നിയമം, ഇന്റഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി) നിയമം എന്നിവയിലാണ് ഭേദഗതി. ഇനി സംസ്ഥാനങ്ങൾ സിജിഎസ്ടി (സ്റ്റേറ്റ് ജിഎസ്ടി) നിയമങ്ങളിൽ ഇതുസംബന്ധിച്ച ഭേദഗതി കൂടി നടപ്പാക്കുന്നതോടെ നികുതി പ്രാബല്യത്തിൽ വരും. ഒക്ടോബർ ഒന്നിനകം നികുതി പ്രാബല്യത്തിലാക്കാനാണ് കേന്ദ്രനീക്കം. ജിഎസ്ടി കൗൺസിലിന്റെ ശുപാർശപ്രകാരമാണ് ഭേദഗതി.

ഭേദഗതിയനുസരിച്ച് രാജ്യാന്തര ഗെയിമിങ് കമ്പനികൾക്കടക്കം റജിസ്ട്രേഷൻ നിർബന്ധമാകും. ഇവയ്ക്കും നികുതി ബാധകമായിരിക്കും. നികുതി നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഓൺലൈൻ കമ്പനികളെ വിലക്കും. നിലവിൽ ഓൺലൈൻ ഗെയിമിങ്ങിന്റെ മൊത്തം വരുമാനത്തിന് 18% ആണ് നികുതി. ചില സംസ്ഥാനങ്ങളുടെ എതിർപ്പ് നിലനിൽക്കുന്നതിനാൽ നികുതി നടപ്പാക്കി 6 മാസത്തിനു ശേഷം വിലയിരുത്തൽ നടത്തി ആവശ്യമെങ്കിൽ മാറ്റം വരുത്തും.

## ക്രോം, ഫയർഫോക്സ് എന്നിവയ്ക്ക് ബദൽ; ഇന്ത്യയുടെ സ്വന്തം വെബ് ബ്രൗസർ അടുത്ത വർഷം



**ന്യൂഡൽഹി:** ഗൂഗിൾ ക്രോം, മോസില്ല ഫയർഫോക്സ് തുടങ്ങിയവയ്ക്കു ബദലായി ഇന്ത്യ തദ്ദേശീയമായ വെബ് ബ്രൗസർ വികസിപ്പിക്കുന്നു. അടുത്ത വർഷം അവസാനത്തോടെ യാഥാർഥ്യമാകും. കേന്ദ്ര ഐടി മന്ത്രാലയത്തിനു കീഴിൽ ബെംഗളൂരു സിഡാക് ആണ് പദ്ധതിക്ക് ചുക്കാൻ പിടിക്കുന്നത്. പൗരന്മാരുടെ സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കാനാണ് നീക്കം. വെബ്സൈറ്റുകൾ തുറക്കാനായി മൊബൈൽ ഫോൺ, കംപ്യൂട്ടർ എന്നിവയിലടക്കം ഉപയോഗിക്കുന്ന സോഫ്റ്റ്!വെയറാണ് വെബ് ബ്രൗസർ.

എല്ലാ പ്രാദേശിക ഭാഷകളെയും ഇന്ത്യൻ ബ്രൗസർ പിന്തുണയ്ക്കും. ബ്രൗസർ വികസിപ്പിക്കാനായി സ്റ്റാർട്ടപ്പുകൾ, കമ്പനികൾ, വ്യക്തികൾ തുടങ്ങിയവർക്കായി കേന്ദ്രം വെബ് ബ്രൗസർ ചാലഞ്ച് ആരംഭിച്ചു. ഒന്നാമതെത്തുന്ന ടീമിന് ഒരു കോടി രൂപയാണ് സമ്മാനം.

രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തുന്നവർക്ക് യഥാക്രമം 75 ലക്ഷം, 50 ലക്ഷം രൂപ എന്നിങ്ങനെ ലഭിക്കും. ക്രിപ്റ്റോ ടോക്കൺ ഉപയോഗിച്ച് ഡോക്യുമെന്റുകളിൽ ഡിജിറ്റൽ സൈൻ ചെയ്യാനും സൗകര്യമുണ്ടാകും. കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗം മാതാപിതാക്കൾക്ക് നിയന്ത്രിക്കാൻ കഴിയുന്ന പേരന്റൽ കൺട്രോൾ വെബ് ഫിൽറ്റർ, കുട്ടികൾക്ക് അനുയോജ്യമായ ചൈൽഡ് ഫ്രെൻഡ്!ലി ബ്രൗസിങ് അടക്കമുള്ള സൗകര്യങ്ങളുണ്ടാകും.

ഐഡിയ രൂപപ്പെടുന്ന ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന 18 ടീമുകൾക്ക് 2 ലക്ഷം രൂപ വീതവും പ്രാഥമിക രൂപ (പ്രോട്ടോടൈപ്പ്) വികസിപ്പിക്കുമ്പോൾ 8 ടീമുകൾക്ക് 10 ലക്ഷം രൂപ വീതവും നൽകും.

## 'വിശപ്പുരഹിത കേരളം' പദ്ധതി

# ജനകീയ ഹോട്ടലുകൾക്കുള്ള സബ്സിഡി നിർത്തി

**കൊച്ചി:** സംസ്ഥാനത്തു കുടുംബശ്രീ ജനകീയ ഹോട്ടലുകൾ വഴി നൽകുന്ന ഉച്ചഭക്ഷണത്തിനുള്ള സബ്സിഡി ഓഗസ്റ്റ് 1 മുതൽ സർക്കാർ നിർത്തി. ഇതോടെ ജനകീയ ഹോട്ടലുകളിലെ ഉച്ചയൂണിന്റെ വില 30 രൂപയായി ഉയരും. അതതു കാലങ്ങളിലെ അവശ്യ സാധനങ്ങളുടെ വില വർധന പരിഗണിച്ച് ജനകീയ ഹോട്ടലുകളിലെ ഉച്ചഭക്ഷണത്തിന്റെ വില നിശ്ചയിക്കുക ഇനി മുതൽ ജില്ലാ ആസൂത്രണ സമിതിയായിരിക്കും.

ജനകീയ ഹോട്ടലുകൾ വഴി പ്രതിദിനം 2 ലക്ഷം ഊണാണു സംസ്ഥാനത്തു വിൽക്കുന്നത്. ഇതു കഴിച്ചു വിശപ്പടക്കിയിരുന്ന പാവപ്പെട്ടവരുടെ വയറ്റത്തടിക്കുന്നതാണു സർക്കാർ തീരുമാനം. നിലവിൽ ജനകീയ ഹോട്ടലുകളിൽ ഉച്ചയൂണിന് 20 രൂപയും പാഴ്സൽ ഊണിന് 25 രൂപയുമാണു നിരക്ക്. ഒരു ഊണിന് 10 രൂപയാണു സർക്കാർ സബ്സിഡിയായി നൽകിയിരുന്നത്.

വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായാണു ജനകീയ ഹോട്ടലുകൾ ആരംഭിച്ചത്. സാമൂഹിക ജീവിതം കോവിഡിനു മുൻപുള്ള നിലയിലായ സാഹചര്യത്തിൽ സബ്സിഡി ഒഴിവാക്കാവുന്നതാണെന്ന കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ചാണു നടപടി. പാഴ്സൽ ഊണിന്റെ വില 35 രൂപയായും ഉയരും.

## ഊണിന് വില കൂട്ടി



30 രൂപയുടെ ഊണിൽ ചോറ്, തോരൻ, അച്ചാർ, നാടൻ വിഭവം ഉൾപ്പെടെ 3 തൊടുകറികളും ഒരു ഒഴിച്ചുകറിയും (സാമ്പാർ, രസം, മോരുകറി, പരിപ്പ്, മീൻകറി) നിർബന്ധമായും ഉണ്ടാകണമെന്നും നിർദേശമുണ്ട്. അതേസമയം, സ്പെഷൽ വിഭവങ്ങളുടെ നിരക്ക് ഹോട്ടൽ സംരംഭകർക്കു നിശ്ചയിക്കാം.

അതിദരിദ്രർ, കിടപ്പുരോഗികൾ എന്നിവർക്കു സൗജന്യ ഭക്ഷണം നൽകാമെങ്കിലും ചെലവു തദ്ദേശ സ്ഥാപനങ്ങൾ വഹിക്കണം. കെട്ടിട വാടക, വൈദ്യുതി, വെള്ളം നിരക്ക് എന്നിവ തദ്ദേശ സ്ഥാപനങ്ങൾക്കു വഹിക്കാം. സിവിൽ സപ്ലൈസിൽ നിന്നു സബ്സിഡി നിരക്കിൽ അരി തുടർന്നും നൽകും.

സർക്കാർ സബ്സിഡി പ്രതീക്ഷിച്ചു ജനകീയ ഹോട്ടൽ രംഗത്തേക്ക് ഇറങ്ങിയ കുടുംബശ്രീ വനിതകളെ കടുത്ത പ്രതിസന്ധിയിലേക്കു തള്ളി വിടുന്നതാണു സർക്കാർ തീരുമാനം. കുടുംബശ്രീക്കു കീഴിൽ പ്രവർത്തിക്കുന്ന 1100 ജനകീയ ഹോട്ടലുകൾക്കായി 30 കോടി രൂപയ്ക്കു മുകളിൽ സർക്കാർ സബ്സിഡി കുടിശിക നൽകാനുണ്ട്. പലർക്കും കഴിഞ്ഞ വർഷം നവംബർ മുതലുള്ള സബ്സിഡി കുടിശികയാണ്. വിലവർധന കൊണ്ടു ബുദ്ധിമുട്ടുന്ന ഹോട്ടലുകളിൽ പലതും സബ്സിഡി കൂടി കിട്ടാതായതോടെ പ്രതിസന്ധിയിലാകുകയും ചിലതു പൂട്ടിപ്പോകുകയും ചെയ്തിരുന്നു.



## ശുദ്ധജല പദ്ധതി: ടെൻഡർ നടപടി പുരോഗമിക്കുന്നു

**അഞ്ചൽ:** ഏരൂർ പഞ്ചായത്തിലെ ശുദ്ധജല ക്ഷാമത്തിനു പരിഹാരം ഉണ്ടാകുന്നതിനു തയാറാക്കിയ ആയിരനെല്ലൂർ ശുദ്ധജല പദ്ധതിയുടെ അവസാനഘട്ട പണികൾ പൂർത്തീകരിക്കുന്നതിനുള്ള ടെൻഡർ! നടപടി പുരോഗമിക്കുന്നു. പമ്പ് ഹൗസ്, ഓവർഹെഡ് ടാങ്ക് അനുബന്ധ സൗകര്യങ്ങൾ എന്നിവയാണു പൂർത്തിയാകാനുള്ളത്. ടെൻഡർ പൂർത്തിയായാൽ പണികൾ അതിവേഗം തീർക്കാനാണു ലക്ഷ്യം.

4.85 ലക്ഷം ലീറ്റർ ശേഷിയുള്ള ടാങ്ക് സ്ഥാപിക്കുന്നതിനു പഞ്ചായത്ത് വിളക്കുപാറ ഇളവറാംകുഴിയിൽ സ്ഥലം വാങ്ങി ജല അതോറിറ്റിക്കു കൈമാറിയിട്ടുണ്ട്. കല്ലടയാറ്റിലെ ആയിരനെല്ലൂർ കടവിലാണ് 6 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും സ്ഥാപിക്കുക. ഇവിടെ ചെക്ഡാമും നിർമിക്കും. വിവിധ വാർ!ഡുകളിലായി 8086 ഗാർ!ഹിക കണക്ഷനുകളും 31 കിലോമീറ്റർ വിതരണ ശൃംഖലയും ആണു ലക്ഷ്യം. പദ്ധതി പ്രദേശത്തു പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന ജോലികൾ ഏറെക്കുറെ പൂർത്തിയായി.

പഞ്ചായത്തിലെ ഒട്ടേറെ ഗ്രാമങ്ങൾ വേനൽ!ക്കാലത്തു രൂക്ഷമായി ജലക്ഷാമം അനുഭവിക്കുന്നുണ്ട്. കെട്ടുപ്ലാച്ചി, വിളക്കുപാറ, മുഴതാങ്ങ്, അയിലറ, ഈച്ചംകുഴി, ആർച്ചൽ തുടങ്ങിയ സ്ഥലങ്ങളിൽ തോടുകളും കുളങ്ങളും വറ്റി വരളുന്നതിനാൽ കൃഷിയും തടസ്സപ്പെടുന്നു. പദ്ധതി പൂർ!ത്തിയാകുന്നതോടെ ശുദ്ധജല പ്രശ്നം വലിയ അളവിൽ പരിഹരിക്കപ്പെടും എന്നാണു പ്രതീക്ഷ.

## ഹൃദയപൂർവം പദ്ധതി ആരംഭിച്ചു

**കലവൂർ:** ജില്ലാ പഞ്ചായത്ത് ആര്യാട് ഡിവിഷനിലെ ഹൃദയപൂർവം പദ്ധതി പി.പി.ചിത്തരഞ്ജൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. വിവിധ മാരക അസുഖങ്ങൾ കാരണം ബുദ്ധിമുട്ടുന്ന വിദ്യാർഥികളെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്. സ്കൂളുകൾ വഴി നേരത്തെ ഗൂഗിൾ ഫോം രജിസ്ട്രേഷൻ നടത്തിയിരുന്നു. വൃക്ക, കരൾ, ഹൃദയം, ന്യൂറോ, കാൻസർ തുടങ്ങിയ അസുഖബാധിതരായ 67 വിദ്യാർഥികളാണ് രജിസ്റ്റർ ചെയ്തത്. ഇവരുടെ പ്രാഥമിക സ്ക്രീനിങ് പരിപാടി ഇന്നലെ മണ്ണഞ്ചേരി സ്കൂളിൽ നടന്നു.

ഇവർക്ക് ശസ്ത്രക്രിയ ഉൾപ്പെടെ ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികളിലായി ഉൾപ്പെടുത്തും. മരുന്നുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ ആശുപത്രികളിലൂടെയോ ലഭ്യമാക്കുമെന്നും ജില്ലാ പഞ്ചായത്ത് അംഗം ആർ.റിയാസ് പറഞ്ഞു. പഞ്ചായത്ത് ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷ കെ.ഉദയമ്മ, ഹെഡ്മാസ്റ്റർ എ.ദിലീപ്, പിടിഎ വൈസ് പ്രസിഡന്റ് ജോസ് ചാക്കോ, എസ്എംസി വൈസ് ചെയർമാൻ സി.ഷിഹാബുദ്ദീൻ, പിടിഎ അംഗങ്ങളായ സി.സി.നിസാർ എന്നിവർ പ്രസംഗിച്ചു.

## മെഗാ തൊഴിൽ മേള

**തൃശൂർ:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / എംബ്ലോയബിലിറ്റി സെൻററും പൂമല ഫ്യൂച്ചർ എജുസിറ്റിയും സംയുക്തമായി പൂമല ഫ്യൂച്ചർ എജുസിറ്റി കോളേജിൽ സൗജന്യ മെഗാ തൊഴിൽ മേള സംഘടിപ്പിച്ചു. സേവ്യർ ചിറ്റിലപ്പിള്ളി എം എൽ എ ഉത്ഘാടനം ചെയ്തു. മുളങ്കുന്നത്തുകാവ് പഞ്ചായത്ത് പ്രസിഡന്റ് കെ.ജെ. ദേവസ്സി അധ്യക്ഷത വഹിച്ചു. മുളങ്കുന്നത്തുകാവ് പഞ്ചായത്തംഗം ഫ്രാൻസി ഫ്രാൻസിസ്, എംപ്ലോയ്മെന്റ് ഓഫീസർമാരായ റെക്സ് തോമസ് ഇ., ബിജു ടി. ജി, ഫ്യൂച്ചർ എജുസിറ്റി കോളേജ് പ്രിൻസിപ്പൽ ഡോ. പി. അഹമ്മദ് എന്നിവർ ആശംസകളർപ്പിച്ചു. ചടങ്ങിൽ തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ സമീറ. എൻ. വി. സ്വാഗതവും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വൊക്കേഷണൽ ഗൈഡൻസ് വിഭാഗം എംപ്ലോയ്മെന്റ് ഓഫീസർ ഷാജു ലോനപ്പൻ എം. നന്ദിയും പറഞ്ഞു. 579 ഉദ്യോഗാർത്ഥികൾ പങ്കെടുത്ത തൊഴിൽ മേളയിൽ 37 സ്ഥാപന ങ്ങളിൽ ആയി 128 പേർക്ക് ജോലി ലഭിക്കുകയും 230 പേരെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

## ടെക്സ്റ്റയിൽ കോർപ്പറേഷൻ റെഡിമെയ്ഡ് ഷർട്ടുകൾ അവതരിപ്പിച്ചു

**തിരുവനന്തപുരം:** സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ പുതുതായി നിർമ്മിച്ച കോട്ടൺ, ബ്ലെൻഡഡ് റെഡിമെയ്ഡ് ഷർട്ടുകൾ വ്യവസായ മന്ത്രി പി രാജീവ് മുഖ്യമന്ത്രി പിണറായി വിജയന് നൽകി വിപണിയിൽ അവതരിപ്പിച്ചു. നിയമസഭയിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ഔദ്യോഗിക ചടങ്ങിലാണ് റെഡിമെയ്ഡ് ഷർട്ടുകൾ അവതരിപ്പിച്ചത്. കണ്ണൂരിലെ പിണറായിയിൽ പ്രവർത്തിക്കുന്ന ഹൈ ടെക്ക് വീവിങ് മിൽസ്, ആലപ്പുഴ കോമളപുരത്ത് പ്രവർത്തിക്കുന്ന കോമളപുരം സ്പിന്നിങ് ആൻഡ് വീവിംഗ് മിൽസ് എന്നിവിടങ്ങളിൽ ഉൽപ്പന്ന വൈവിധ്യവത്കരണത്തിന്റെ ഭാഗമായി നിർമിച്ചതാണ് റെഡിമെയ്ഡ് ഷർട്ടുകൾ. സംസ്ഥാന സർക്കാരിന്റെ ഗ്രീൻ ഫീൽഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച ഈ സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഷർട്ടുകൾ 'ഗ്രീൻ ഫീൽഡ്സ്' എന്ന ബ്രാൻഡ് നെയിമിലാണ് വിപണിയിലെത്തുന്നത്.

# തോപ്പുംപടി ഹാർബർ പാലം അപകടത്തിലെന്ന് റിപ്പോർട്ട്




**മട്ടാഞ്ചേരി:** തോപ്പുംപടി ഹാർബർ പാലത്തിന്റെ അടിഭാഗത്തെ ഗർഡറുകളെ താങ്ങി നിർത്തുന്ന സ്പാനുകളിൽ ചിലത് ദ്രവിച്ച സംഭവത്തിൽ പൊതുമരാമത്ത്, ജല അതോറിറ്റി അധികൃതർക്ക് സബ് കലക്ടറുടെ നോട്ടിസ്. തോപ്പുംപടി വില്ലേജ് ഓഫിസർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നോട്ടിസ്. പൊതുമരാമത്ത് ബ്രിജസ് അസി.എക്സിക്യൂട്ടീവ് എൻജിനീയർ, ജല അതോറിറ്റി അസി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർക്കാണ് നോട്ടിസ്. അപകടാവസ്ഥയിലായ പാലത്തിന്റെ അവസ്ഥ ജീവനും സ്വത്തിനും അത്യധികം ഭീഷണിയാണെന്ന് ബോധ്യപ്പെട്ടുവെന്നും അടിയന്തര പരിശോധന നടത്തണമെന്നും ഗതാഗതം നിർത്തിവയ്ക്കേണ്ടതുണ്ടെങ്കിൽ അത് നടപ്പാക്കാനും ഉത്തരവിൽ പറയുന്നു. 23ന് 2ന് ആർഡിഒ കോടതി മുൻപാകെ നേരിട്ട് ഹാജരായി ബോധിപ്പിക്കണമെന്നും നോട്ടിസിലുണ്ട്.

പാലം അപകടാവസ്ഥയിൽ അല്ലെന്നാണ് പൊതുമരാമത്ത് അധികൃതരുടെ നിലപാട്. എന്നാൽ പാലത്തിന്റെ സ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ച റവന്യൂ അധികൃതർ പറയുന്നത് പാലം അപകടാവസ്ഥ സംബന്ധിച്ച് സാങ്കേതിക വിദഗ്ധരുടെ പരിശോധനകൾ ആവശ്യമാണെന്നാണ്. അടി ഭാഗത്തെ ഗർഡറുകൾ തുരുമ്പെടുത്ത നിലയിലാണ്. തൂണുകളിലും ജോയിന്റുകളിലും വിള്ളലുകൾ കാണപ്പെടുന്നുണ്ടെന്നും സബ് കലക്ടർക്ക് നൽകിയ റിപ്പോർട്ടിൽ പറയുന്നു. പശ്ചിമ കൊച്ചിയെ വില്ലിങ്ഡൻ ദ്വീപുമായി ബന്ധിപ്പിക്കുന്ന പാലത്തിൽ കാലപ്പഴക്കത്തെ തുടർന്ന് വലിയ ഭാരവാഹനങ്ങൾ സഞ്ചരിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഇപ്പോൾ ഇരുചക്ര, മുച്ചക്ര വാഹനങ്ങളും കാറുകളും മാത്രമേ കടത്തിവിടുന്നുള്ളൂ.

പശ്ചിമ കൊച്ചിയിലേക്കു ശുദ്ധജലം വിതരണം ചെയ്യുന്ന 2 അടി വ്യാസമുള്ള പൈപ്പുകൾ പാലത്തിന്റെ ഇരുവശത്തു കൂടിയും പോകുന്നുണ്ട്. പാലത്തിന്റെ ഗർഡറുകളുമായി ബന്ധപ്പെട്ടാണ് പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്നത് എന്നതിനാൽ പൈപ്പ് ലൈനിന്റെ ഭാരവും പാലത്തിന് ബലക്ഷയം ഉണ്ടാക്കാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന് ആയിരുന്നു പാലത്തിന്റെ ചുമതല. ഏതാനും വർഷങ്ങൾക്കു മുൻപാണ് പാലം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലായത്.

പാലത്തിന്റെ താഴെ ഭാഗത്ത് ഏതാനും തൂണുകളുമായി ബന്ധപ്പെട്ടുള്ള ഗർഡറുകളാണ് തുരുമ്പ് എടുത്തതായി കാണപ്പെട്ടതെന്ന് പൊതുമരാമത്ത് ബ്രിജസ് അസി. എക്സിക്യൂട്ടീവ് എൻജിനീയർ സജീന പറഞ്ഞു. പല ഗർഡറുകളിലും ചില ഭാഗങ്ങൾ മുറിച്ചു മാറ്റിയതായി കാണപ്പെടുന്നു. ഗർഡറുകളെ താങ്ങി നിർത്തുന്ന ചില സ്പാനുകൾ ദ്രവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കാൻ 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു.

# കൊച്ചി നഗരം വൃത്തിയാക്കാൻ 10 പുതിയ യന്ത്രങ്ങൾ വാങ്ങാൻ കോർപറേഷൻ



**കൊച്ചി:** നഗരത്തിലെ കനാലുകളും റോഡുകളും വൃത്തിയാക്കാൻ കൂടുതൽ യന്ത്രങ്ങൾ രംഗത്തിറക്കാൻ കോർപറേഷൻ നടപടികൾ തുടങ്ങി. 10 പുതിയ യന്ത്രങ്ങൾ ലഭ്യമാക്കാൻ കോർപറേഷൻ താൽപര്യ പത്രം ക്ഷണിച്ചു. നഗരത്തിലെ അഴുക്കുചാലുകൾ വൃത്തിയാക്കാനായി രംഗത്തിറക്കിയ സക്ഷൻ കം ജെറ്റിങ് മെഷീൻ വിജയമായ സാഹചര്യത്തിലാണു നഗരം വൃത്തിയാക്കാൻ കോർപറേഷൻ കൂടുതൽ യന്ത്ര സഹായം തേടുന്നത്.

കനാലിലെ ചെളി നീക്കം ചെയ്യാനുള്ള മെഷീൻ, റോഡ് തൂത്തുവാരാനുള്ള മെഷീൻ, ബീച്ച് വൃത്തിയാക്കാനുള്ള മെഷീൻ, അഴുക്കുചാലുകളിലെ ചെളി നീക്കം ചെയ്യാനുള്ള 4000 ലീറ്റർ ശേഷിയുള്ള മെഷീനുകൾ 4 എണ്ണം, കനാലുകളിലെ കള നീക്കം ചെയ്യാനും ഡ്രജിങ് നടത്താനും ശേഷിയുള്ള മെഷീൻ, റോഡിലെ കുഴിയടയ്ക്കാനുള്ള 2 മെഷീനുകൾ എന്നിവ ലഭ്യമാക്കാനാണു കോർപറേഷൻ നടപടികൾ തുടങ്ങിയത്. യന്ത്രങ്ങൾ ലഭ്യമാക്കുക, 5 വർഷത്തെ പ്രവർത്തന, അറ്റകുറ്റപ്പണി ചുമതല എന്നിവയുൾപ്പെടെയാണു കോർപറേഷൻ താൽപര്യപത്രം ക്ഷണിച്ചിട്ടുള്ളത്.

ടെൻഡർ ചെയ്യുന്നതിനു മുൻപായി അനുയോജ്യമായ ഏറ്റവും പുതിയ മെഷീനുകൾ ഏതാണെന്നു കണ്ടെത്തുകയാണു താൽപര്യ പത്രത്തിലൂടെ ലക്ഷ്യമിടുന്നതെന്നു കോർപറേഷൻ വ്യക്തമാക്കുന്നു.പുണെ കേന്ദ്രമായ ആര്യൻ പമ്പ്സ് നിർമിച്ച കോംബി റീസൈക്ലർ എന്ന സക്ഷൻ കം ജെറ്റിങ് മെഷീനാണു കോർപറേഷൻ നിലവിൽ പ്രയോജനപ്പെടുത്തുന്നത്.

കൊച്ചിൻ സ്മാർട് മിഷൻ ലിമിറ്റഡിന്റെ (സിഎസ്എംഎൽ) സാമ്പത്തിക സഹായത്തോടെ 4.70 കോടി രൂപ മുതൽ മുടക്കിയാണ് ഈ യന്ത്രം ലഭ്യമാക്കിയത്. നഗരം വൃത്തിയാക്കാനായി കൂടുതൽ യന്ത്രങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നു മേയർ എം. അനിൽ കുമാർ നേരത്തേ വ്യക്തമാക്കിയിരുന്നു.



# സഹകരണ സംഘങ്ങൾ സാധാരണക്കാരുടെ ആശ്രയമെന്ന്: മന്ത്രി

**തൃശൂർ:** സാധാരണ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആശ്രയമാണ് സഹകരണ സംഘങ്ങൾ എന്ന് മന്ത്രി ആർ ബിന്ദു. ആനന്ദപുരം പട്ടികജാതി സർവീസ് സഹകരണ സംഘത്തിന്റെ പുനർജനി സഹകരണ സൂപ്പർമാർക്കറ്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പുനർജനി സഹകരണ സൂപ്പർമാർക്കറ്റിന്റെ ശിലാഫലകം മന്ത്രി അനാച്ഛാദനം ചെയ്തു.

ലോകത്തിന്റെ മുൻപിൽ മാതൃകയായി നിൽക്കുന്ന ഒന്നാണ് സഹകരണ സംഘങ്ങൾ. നിരവധി പേരുടെ ജീവിതത്തെ സ്പർശിക്കാവുന്ന വിധത്തിലുള്ള ഇടപെടലുകൾ നടത്താൻ സംഘങ്ങൾക്ക് കഴിയും. കേരളത്തിന്റെ സമ്പദ്ഘടനയുടെ വിപുലീകരണത്തിന് ഏറ്റവും വലിയ സംഭാവനകൾ നൽകാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. അതിരുവൽക്കരിക്കപ്പെട്ട ജനതയുടെ സാമൂഹികമായ മുന്നേറ്റത്തിനും ശാക്തീകരണത്തിനും സാമ്പത്തിക ഭദ്രതയ്ക്കും താങ്ങും തണലുമായി സഹകരണ പ്രസ്ഥാനത്തിന്റെ സാധ്യതകൾ വിനിയോഗിക്കുന്നുണ്ട് എന്നും മന്ത്രി പറഞ്ഞു. നൈപുണ്യ വികസനത്തിന് ഉതകുന്ന പരിശീലന പരിപാടികൾ സംഘത്തിന്റെ നേതൃത്വത്തിൽ നടത്തണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

പട്ടികജാതി സഹകരണ പ്രസ്ഥാനങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് പുനർജനി. പുനർജനി പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം 13 ലക്ഷം രൂപ ചെലവഴിച്ച് സംഘത്തിന്റെ നാമാവശേഷമായ കെട്ടിടം പുതുക്കി പണിതു. പുനർജനി സഹകരണ സൂപ്പർമാർക്കറ്റ് എന്ന പുതിയ സംരംഭവും തുടങ്ങി.

ചടങ്ങിൽ മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ ചിറ്റിലപ്പിള്ളി അധ്യക്ഷതവഹിച്ചു. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിതാബാലൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ തുടങ്ങിയവർ മുഖ്യാതിഥിയായി സംസാരിച്ചു. സംഘം പ്രസിഡന്റ് പി കെ തങ്കപ്പൻ, സെക്രട്ടറി സന്ധ്യ പി കെ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് രതി ഗോപി, ജില്ലാ സഹകരണ വകുപ്പ് എ ആർ സിന്ധു പി ബി, മുകുന്ദപുരം താലൂക്ക് യൂണിറ്റ് ഇൻസ്പെക്ടർ രശ്മി, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, വാർഡ് മെമ്പർമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## മനോഹര കാഴ്ചയൊരുക്കി കാവുംചിറ മിയാവാക്കി ദ്വീപ്

**ചെറുവത്തൂർ:** മടക്കരയിലെ കാവുംചിറ മിയാവാക്കി ദ്വീപ് കലക്ടർ കെ.ഇമ്പശേഖറും സംഘവും സന്ദർശിച്ചു. ഇവിടെ ശാസ്ത്രീയവും പ്രകൃതിസൗഹൃദവുമായ മിയാവാക്കി ടൂറിസം പദ്ധതി നടപ്പാക്കാനുള്ള ഒരുക്കത്തിലാണ് അധികൃതർ. മടക്കര മീൻപിടിത്ത തുറമുഖത്തിനു സമീപം, പുഴയിലെ വിശാലമായ കൃത്രിമ ദ്വീപിലാണു മിയാവാക്കി വനം രൂപപ്പെടുത്തിയത്. മലബാറിലെ ആദ്യ മിയാവാക്കി വനവൽക്കരണ കേന്ദ്രമായി സർക്കാർ ഈ ദ്വീപിനെ തിര!ഞ്ഞെടുത്തിരുന്നു. ഇപ്പോൾ ഈ ദ്വീപിൽ 300ലധികം മരങ്ങളും സസ്യങ്ങളും ഇടതൂർന്നു വളരുന്നുണ്ട്. ഒട്ടേറെ വിനോദ സഞ്ചാരികൾ എത്തുന്നതാണ് ഇതിന്റെ സമീപ പ്രദേശങ്ങൾ.

കോട്ടപ്പുറം ഹൗസ്ബോട്ട് ടെർമിനൽ കേന്ദ്രമായുള്ള 30ഓളം ഹൗസ്ബോട്ടുകൾ ഈ ദ്വീപിനു സമീപത്തുകൂടി സർവീസ് നടത്തുന്നുണ്ട്. ദ്വീപിൽ ബോട്ടിങ് ഏരിയ, കുട്ടികളുടെ പാർക്ക്, സെൽഫി കോർണർ, ലഘുഭക്ഷണശാല എന്നിവയടങ്ങുന്ന ടൂറിസ്റ്റ് കേന്ദ്രമായി മാറ്റാനുള്ള നീക്കമാണു നടക്കുന്നത്. അനേകം സിനിമകൾക്കുക് ഷൂട്ടിങ് ലൊക്കേഷനായി ജില്ല മാറുന്ന സാഹചര്യത്തിൽ ഇവിടെ ഷൂട്ടിങ്ങിനുള്ള സൗകര്യം ഒരുക്കുവാനും പദ്ധതിയുണ്ട്.

ചെറുദ്വീപുകളും കായലും കടലും ചേർന്ന മനോഹര കാഴ്ച ആസ്വദിക്കാനെത്തുന്ന സ!ഞ്ചാരികൾക്ക് ഇടത്താവളത്തിനു വേദിയൊരുക്കുക എന്ന ലക്ഷ്യവും പദ്ധതിക്കുണ്ട്.



# മാലിന്യ കേന്ദ്രങ്ങൾ ഇനി മനോഹര ഇടങ്ങൾ

**തൃശൂർ:**പറപ്പൂക്കര ഗ്രാമപഞ്ചായത്ത് നാലാം വാർഡും നന്തിക്കര വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ എൻ എസ് എസ് വിദ്യാർത്ഥികളും ചേർന്ന് മേക്ക് ദി ബ്യൂട്ടി സ്പോട്ട് പദ്ധതിയുടെ ഭാഗമായി ദേശീയപാതയോരത്തെ മാലിന്യങ്ങൾ നീക്കം ചെയ്ത് നടത്തിയ പൂകൃഷിയുടെ വിളവെടുപ്പ് നന്തിക്കരയിൽ ജില്ലാ കലക്ടർ വി. ആർ. കൃഷ്ണതേജ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയാണെന്ന് കലക്ടർ പറഞ്ഞു.

ചടങ്ങിൽഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ. കെ. അനൂപ് അധ്യക്ഷനായി. മെയ്ക്ക് ദി ബ്യൂട്ടി സ്പോട്ട് പദ്ധതി പഞ്ചായത്തിലെ എല്ലാ പ്രദേശത്തേക്കും വ്യാപിപ്പിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. കഴിഞ്ഞ പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് കെ കെ രാമചന്ദ്രൻ എംഎൽഎ ആണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. സംഘടനകളെയും വിദ്യാർത്ഥികളെയും ഓട്ടോ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമാക്കി മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്ത് ആക്കി മാറ്റുക എന്നതാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമാക്കുന്നത്. ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കാർത്തിക ജയൻ, കെ. സി. പ്രദീപ്, എൻ. എം. പുഷ്പാകാരൻ, പഞ്ചായത്ത് സെക്രട്ടറി ജി. സബിത, വി എച്ച് എസ് ഇ പ്രിൻസിപ്പൽ മഞ്ജു കെ. മാത്യു, അധ്യാപകരായ ലിജി ജോസഫ്, വിജന എ. വി, ഷിനോഷ്. പി. എൻ, ലിജി വർഗീസ്, ഗിരിജൻ.പി എന്നിവർ പങ്കെടുത്തു.

# റേഷൻ വിഹിതം കൈപ്പറ്റാത്ത കാർഡുകാരെ കണ്ടെത്തും: മന്ത്രി ജി.ആർ. അനിൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ എ.എ.വൈ റേഷൻ കാർഡ് ഉടമകളിൽ 11,590 പേർ കഴിഞ്ഞ ആറു മാസമായി റേഷൻ വിഹിതം കൈപ്പറ്റിയിട്ടില്ല. ഇതിൽ ഒരംഗം മാത്രമുള്ള 7790 എ.എ.വൈ കാർഡുകൾ ഉണ്ടെന്നും അവർ ആരും തന്നെ കഴിഞ്ഞ നാലു മാസക്കാലമായി റേഷൻ വിഹിതം കൈപ്പറ്റുന്നില്ലായെന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു.

ഇത്തരത്തിൽ റേഷൻ കൈപ്പറ്റാത്ത മുൻഗണനാ കാർഡ് ഉടമകളുടെ വീടുകളിൽ ബന്ധപ്പെട്ട താലൂക്ക് റേഷനിംഗ് ഇൻസ്പെക്ടർമാർ നേരിട്ടെത്തി പരിശോധിച്ച് നിജസ്ഥിതി മനസ്സിലാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ മന്ത്രി സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നിർദേശം നൽകി.

റേഷൻ കൈപ്പറ്റാതെ അനർഹമായാണോ മുൻഗണനാ കാർഡുകാർ കൈവശം വച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ ഇതിലൂടെ സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.



## സ്മാർട്ട് വില്ലേജ് സേവനങ്ങൾക്ക് ലാപ്ടോപ്പുകളും പ്രിന്ററുകളും നൽകി

**തൃശൂർ:** ഉദ്യോഗസ്ഥർ ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് കൃത്യമായി കാര്യനിർവഹണം നടത്തി ജനങ്ങളോടുള്ള കടപ്പാട് നിറവേറ്റണമെന്ന് സി സി മുകന്ദൻ എംഎൽഎ. നാട്ടിക നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലേക്ക് എംഎൽഎയുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും അനുവദിച്ച ലാപ്ടോപ്പ്, പ്രിന്റർ എന്നിവയുടെ വിതരണോദ്ഘാടനം പുത്തൻപീടിക സെന്റിനറി ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു എംഎൽഎ.

വില്ലേജ് ഓഫീസുകളിലെ സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരമാകണമെന്നും നാട്ടിക നിയോജകമണ്ഡലം പരാതികളില്ലാത്ത മണ്ഡലമായി മാറണമെന്നും എംഎൽഎ പറഞ്ഞു. വില്ലേജ് ഓഫീസുകളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും എംഎൽഎ നിർദ്ദേശിച്ചു.

വില്ലേജ് ഓഫീസുകളിലെ സേവനങ്ങൾ എല്ലാം ഓൺലൈൻ ആക്കുന്നതിനും ഇ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും 43 ലാപ്ടോപ്പുകൾ, 17 മൾട്ടി ഫങ്ഷൻ പ്രിന്ററുകൾ എന്നിവയാണ് വില്ലേജ് ഓഫീസുകൾക്ക് നൽകിയത്. എംഎൽഎ യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും 20,18,890 ലക്ഷം രൂപ ചെലവഴിച്ചാണ് ഇവ വാങ്ങിയത്.

## എസ്.ആർ.വി എൽ.പി. സ്കൂളിന് റെഫ്രിജറേറ്ററും, കളർ പ്രിന്ററും ഇന്ന് കൈമാറും

**കൊച്ചി :** എസ്.ആർ.വി.സ്കൂളിലെ 1960 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ എൽ.പി. സ്കൂളിന് 197 ലിറ്ററിന്റെ റെഫ്രിജറേറ്ററും കളർ പ്രിന്ററും ഇന്ന് കൈമാറും. എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ രാവിലെ 10.30ന് സംഘടിപ്പിച്ചിരിക്കുന്ന യോഗത്തിൽ പൂർവ്വ വിദ്യാർത്ഥി സംഘടന പ്രസിഡന്റ് ആർക്കിടെക്ട് പ്രൊഫ. ബി.ആർ.അജിത്ത് അദ്ധ്യക്ഷത വഹിക്കും. സെക്രട്ടറി ജോഗേഷ് ജോസഫ്, ജോയിന്റ് സെക്രട്ടറി വർഗീസ്, 1960 ബാച്ച് പ്രതിനിധി കേണൽ ബാലകൃഷ്ണൻ, പ്രധാന അദ്ധ്യാപിക ജയ പ്രദീപ്, ട്രഷറർ ചെറിയാൻ മാത്യൂ, കൊച്ചി കോർപ്പറേഷൻ വിദ്യാഭ്യാസ കമ്മിറ്റി ചെയർമാൻ പി.എൻ.സീനുലാൽ, വാർഡ് കൗൺസിലർ പദ്മജ മേനോൻ തുടങ്ങിയവർ പ്രസംഗിക്കും.



# തൃശൂർ നഗരത്തിലെ ആകാശ നടപ്പാത ഉദ്ഘാടനം സ്വാതന്ത്ര്യ ദിനത്തിൽ

**തൃശൂർ:** നഗരത്തിലെ തിരക്കിനു വലിയൊരളവു വരെ പരിഹാരമാകുമെന്നു പ്രതീക്ഷിക്കുന്ന ശക്തൻ നഗറിലെ ആകാശ നടപ്പാത (സ്കൈവോക്ക്) സ്വാതന്ത്ര്യ ദിനത്തിൽ തുറക്കും. 15ന് രാത്രി 7ന് മന്ത്രി കെ.രാധാകൃഷ്ണൻ ആകാശപ്പാത ഉദ്ഘാടനം ചെയ്യും. നഗരത്തിൽ ഏറ്റവും കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന പ്രധാന കേന്ദ്രങ്ങളിലൊന്നായ ശക്തൻ നഗറിൽ സംഗമിക്കുന്ന 4 റോഡുകളെ ബന്ധിപ്പിക്കുന്നതാണ് ആകാശപ്പാത. പാത തുറക്കുന്നതോടെ തിരക്കേറിയ ശക്തനിലെ തെരുവുകളിലൂടെയുള്ള കാൽനടയാത്ര അവസാനിക്കുമെന്നാണു പ്രതീക്ഷ.

കോർപറേഷന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 5.50 കോടി രൂപ ചെലവിൽ വൃത്താകൃതിയിലാണ് ആകാശപ്പാത നിർമിച്ചിരിക്കുന്നത്. പഴയ പട്ടാളംശക്തൻ തമ്പുരാൻ നഗർ റോഡ്, റിങ് റോഡ്, ശക്തൻ നഗർ റോഡ്, ശക്തൻ തമ്പുരാൻ ഹൈറോഡ് കണക്ഷൻ റോഡ് എന്നിവയെയാണ് ആകാശപ്പാത ബന്ധിപ്പിക്കുന്നത്. ശക്തൻ ബസ് സ്റ്റാൻഡ് പരിസരം, മത്സ്യമാംസ മാർക്കറ്റ്, പച്ചക്കറി മാർക്കറ്റ്, ശക്തൻ നഗർ മൈതാനം എന്നീ 4 ഭാഗങ്ങളിൽ നിന്ന് ആകാശപ്പാതയിലേക്കു ചവിട്ടുപടികളിലൂടെ പ്രവേശിക്കാം.

ആകാശപ്പാതയിലെ വെളിച്ച സംവിധാനങ്ങൾക്കും ലിഫ്റ്റിന്റെ പ്രവർത്തനങ്ങൾക്കുമുള്ള വൈദ്യുതിക്കും 50 കിലോ വാട്ടിന്റെ സൗരോർജ പ്ലാന്റ് സജ്ജമാക്കിയിട്ടുണ്ട്. നടപ്പാതയ്ക്കു മുകളിലുള്ള ഷീറ്റിലാണു ഇവ സ്ഥാപിച്ചത്. അധിക വൈദ്യുതി കോർപറേഷന്റെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കും. ഇതിനകം 2 ലിഫ്റ്റുകളുടെ നിർമാണവും ഇലക്ട്രിക്കൽ കെട്ടിടവും സുരക്ഷാ ജീവനക്കാർക്കുള്ള മുറിയും പൂർത്തിയായിട്ടുണ്ട്.2 ലിഫ്റ്റുകളുടെ ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതിനു ശേഷം നടപ്പാതയുടെ ചുറ്റും ഗ്ലാസ് സ്ഥാപിച്ചു ഉൾവശം ശീതീകരിക്കാനും കോർപറേഷൻ ലക്ഷ്യമിടുന്നുണ്ട്.

ആകാശപ്പാതയിലൂടെ നഗരഗതാഗത മേഖലയിൽ നടപ്പാക്കിയ മാതൃകാ പ്രവൃത്തിക്കു കോർപറേഷനു ഹൗസിങ് ആൻഡ് അർബൻ ഡവലപ്മെന്റ് കോർപറേഷന്റെ (ഹഡ്കോ) 2022, 23ലെ അവാർഡ് ലഭിച്ചിരുന്നു. നഗരത്തിലേക്ക് എത്തുന്ന ജനങ്ങൾക്ക് അപകടരഹിതമായ യാത്രാസൗകര്യം ഒരുക്കുന്നതിനായിരുന്നു അംഗീകാരം. കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസിയായ കിറ്റ്കോയുടേതാണു ആകാശപ്പാതയുടെ ഡിസൈൻ. ശക്തൻ നഗറിൽ യാത്രക്കാർ റോഡ് കുറുകെ കടക്കുന്നതിനിടെ ഒട്ടേറെ അപകടങ്ങൾ സംഭവിക്കാറുണ്ട്. ആകാശപ്പാത കാൽനടയാത്രക്കാർ ഫലപ്രദമായി ഉപയോഗിച്ചാൽ ഇതു കുറയുമെന്നാണു ട്രാഫിക് പൊലീസിന്റെയും കോർപറേഷന്റെയും കണക്കുകൂട്ടൽ.

# മാലിന്യ പ്ലാന്റുകളുടെ പ്രവർത്തനം അവതാളത്തിൽ




**കൊയിലാണ്ടി:** ജൈവ മാലിന്യ സംസ്കരണത്തിനായി നഗരസഭ സ്ഥാപിച്ച തുമ്പൂർമൂഴി പ്ലാന്റുകളുടെ പ്രവർത്തനം ശോചനീയാവസ്ഥയിൽ. ആകെ സ്ഥാപിച്ച 12 പ്ലാന്റുകളിൽ നിലവിൽ പ്രവർത്തിക്കുന്നത് നാലെണ്ണം മാത്രം. നഗരസഭ കൗൺസിലർ കേളോത്ത് വത്സരാജ് നൽകിയ വിവരാവകാശ നോട്ടിസിലാണ് നഗരസഭയുടെ മറുപടി. 201718 വർഷം മുതൽ ആരംഭിച്ച പദ്ധതിക്കായി നിലവിൽ 45,18,931 രൂപയാണ് ചെലവാക്കിയതെന്നും നഗരസഭ അധികൃതർ പറഞ്ഞു.

ജൈവ മാലിന്യ സംസ്കരണത്തിനായി 2017 മുതൽ 2023 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായാണ് 12 തുമ്പൂർമൂഴി പ്ലാന്റുകൾ സ്ഥാപിച്ചത്. 201718 സാമ്പത്തിക വർഷത്തിൽ 15,13,600 രൂപയും 201819ൽ 20,60,170 രൂപയും 2019 20ൽ 7,46,960 രൂപയും 202223 വർഷത്തിൽ 1,98,201 രൂപയുമാണ് നഗരസഭ ചെലവഴിച്ചത്. പുതിയ ബസ് സ്റ്റാൻഡിന് വടക്ക് ഭാഗത്തും കിഴക്കു വശത്തും, കൊല്ലം മത്സ്യമാർക്കറ്റ് കെട്ടിടത്തിന് മുകളിൽ, കോതമംഗലം ഗവ. എൽപി സ്കൂൾ, കൊയിലാണ്ടി ഗവ. ജിവിഎച്ച്എസ്എസ്, ഗവ. മാപ്പിള വിഎച്ച്എസ്എസ്, പന്തലായനി ഗവ. എച്ച്എസ്എസ്, താലൂക്ക് ആശുപത്രി കോമ്പൗണ്ട്, ടൗൺ ഹാളിന്റെ കിഴക്ക് ഭാഗം, മിനി സിവിൽ സ്റ്റേഷൻ പരിസരം, മാർക്കറ്റ് കെട്ടിടത്തിന് മുകൾ ഭാഗം, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലാണ് പ്ലാന്റ് സ്ഥാപിച്ചത്. ഇവയിൽ പലതും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

കോതമംഗലം ഗവ. എൽപി സ്കൂളിൽ 1,08,430 രൂപ ചെലവിൽ നിർമിച്ച പ്ലാന്റ് ഇപ്പോൾ നിലവിലില്ല. നഗരസഭയറിയാതെ ആണ് പ്ലാന്റ് പൊളിച്ചു നീക്കിയതെന്നാണ് വിവരാവകാശത്തിൽ ലഭിച്ച മറുപടിയിലുള്ളത്. പ്ലാന്റ് പൊളിച്ചു മാറ്റുന്നതിന് ആരും അപേക്ഷ നൽകിയിട്ടില്ലെന്ന് നഗരസഭാ അധികൃതർ പറയുന്നു. പ്ലാന്റിന്റെ നിർമാണത്തിലും പരിചരണത്തിലും ചില അപാകതകൾ സംഭവിച്ചിട്ടുണ്ടെന്നും ഇത് പരിഹരിച്ച് മുന്നോട്ടു പോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണെന്നും സുധ കിഴക്കെപ്പാട്ട് പറഞ്ഞു.

## വെള്ളക്കെട്ട് : കൃഷിയിറക്കാൻ കഴിയാതെ കർഷകർ

**കക്കട്ടിൽ:** വെള്ളക്കെട്ട് കാരണം വട്ടോളി പാടശേഖര സമിതിയിലെ ഭൂരിഭാഗം കർഷകർക്ക് ഇത്തവണയും നെൽക്കൃഷിയിറക്കാനായില്ല. വട്ടോളി ഒതയോത്ത് താഴെ മുതൽ കോമത്ത് താഴെ വരെ ഏതാണ്ട് 8 ഹെക്ടർ വയലാണുള്ളത്. 18 കർഷകരാണ് ഇവിടെ നെൽക്കൃഷി ചെയ്യുന്നത്. ഇതിൽ കുറച്ച് കർഷകർ വെള്ളക്കെട്ട് ഇല്ലാത്ത ഭാഗത്ത് വിത്ത് ഇറക്കി. അതിന്റെ കൊയ്ത്ത് നടന്നു കൊണ്ടിരിക്കുന്നു. ബാക്കിയുള്ള കർഷകർക്ക് വയലിലെ വെള്ളക്കെട്ട് കാരണം കൃഷി ചെയ്യാനാവാത്ത അവസ്ഥയാണ്. തൊട്ടടുത്ത തോട് ചെളി നിറഞ്ഞ് വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ്. തോടിലെ ചെളി നീക്കി വീതിയും ആഴവും കൂട്ടി കെട്ടി സംരക്ഷിച്ച് നെൽക്കൃഷി ചെയ്യാൻ ആവശ്യമായ നടപടി എടുക്കണമെന്ന് കർഷകർ ആവശ്യപ്പെട്ടു.

## മഴ ചതിച്ചു; ആശങ്കയിൽ നെൽക്കർഷകർ

**പടിഞ്ഞാറത്തറ:** മഴ കുറവായതിനാൽ കാർഷിക കലണ്ടർ താളം തെറ്റിയതോടെ ആശങ്കയിലായി നെൽക്കർഷകർ. കർക്കടകം ആദ്യം വിത്ത് വിതച്ച് മാസാവസാനം പറിച്ചു നടുന്ന വിധത്തിലാണ് ഇവിടെ കൃഷി നടത്തുന്നത്. നിലവിൽ ലഭിച്ച മഴയിൽ വിത്ത് വിതച്ചെങ്കിലും പറിച്ചു നടാൻ ആവശ്യമായ വെള്ളം ഇല്ലാത്തത് വൻ പ്രതിസന്ധിയാവുകയാണ്. ജില്ലയിലെ പ്രധാന നെൽക്കൃഷി മേഖലകളിലൊന്നാണ് പടിഞ്ഞാറത്തറ പഞ്ചായത്തിലെ കുപ്പാടിത്തറ, കുറുമണി, പുതുശ്ശേരിക്കടവ് പ്രദേശങ്ങൾ. മഴക്കാലം തുടങ്ങുന്നതോടെ ഇവിടെ വെള്ളം കയറുന്നത് പതിവാണ്.

അതിശക്തമായ മഴയായാൽ ബാണാസുര ഡാമിൽ നിന്ന് ഒഴുക്കി വിടുന്ന വെള്ളം കൂടി എത്തുന്നതിനാൽ കർക്കടകം വരെ ഇവിടെ കൃഷി നടത്താറില്ല. എന്നാൽ ഇത്തവണ പ്രദേശത്തെ വയലുകളിൽ വെള്ളം കയറിയിട്ടില്ലെന്ന് മാത്രമല്ല കൃഷി ചെയ്യാൻ വെള്ളം കിട്ടാത്ത അവസ്ഥയുമായി. നിലവിൽ ലഭിക്കുന്ന മഴ പ്രതീക്ഷിച്ച് കൃഷി നടത്താൻ കഴിയില്ലെന്നാണ് കർഷകർ പറയുന്നത്. മറ്റു മാർഗങ്ങൾ ഉപയോഗിച്ച് വയലുകളിൽ വെള്ളം എത്തിക്കുന്നത് അസാധ്യമാണ്. വരും ദിവസങ്ങളിൽ മികച്ച തോതിൽ മഴ ലഭിച്ചാൽ മാത്രമേ കൃഷി ചെയ്യാൻ കഴിയുകയുള്ളൂ. മഴ വൈകുന്നത് നെൽക്കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്നവരെ ആശങ്കയിലാക്കുകയാണ്.

## ഗ്രീൻലീഫ് പാർക്ക് തുറന്നു

**ഇരിട്ടി:** പാലത്തിന് സമീപം പുഴയോര ഭംഗി കൂടി ഉപയോഗപ്പെടുത്തി പായം പഞ്ചായത്തിന്റെ സഹകരണത്തോടെ ഗ്രീൻലീഫ് അഗ്രി ഹോർട്ടി കൾച്ചർ സൊസൈറ്റി നിർമിച്ച 'ഗ്രീൻലീഫ് പാർക്ക്' പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തു. പ്രവേശനം സൗജന്യമാണ്. സണ്ണി ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

പായം പഞ്ചായത്ത് പ്രസിഡന്റ് പി.രജനി അധ്യക്ഷത വഹിച്ചു. പൊതു നിരത്തുകളിലും ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾക്ക് സമീപവുമായി അഞ്ഞൂറോളം മരങ്ങൾ നട്ടു പരിപാലിക്കുന്ന പരിസ്ഥിതി സ്നേഹി എൻ.മുഹമ്മദിനെ ഇരിട്ടി എഎസ്പി തപോഷ് ബസുമതാരിയും പാർക്ക് രൂപകൽപന നടത്തി നിർമിച്ച പി.പി.രജീഷിനെ ഇരിട്ടി നഗരസഭ അധ്യക്ഷ കെ.ശ്രീലതയും വള്ളിത്തോട് ഒരുമ റെസ്ക്യൂ ടീമിനെ ഹരിതകേരളം മിഷൻ കണ്ണൂർ കോഓർഡിനേറ്റർ ഇ.കെ.സോമശേഖരനും ആദരിച്ചു.

പായം പഞ്ചായത്ത് അംഗം പി.പി.കുഞ്ഞൂഞ്ഞ്, ഇരിട്ടി നഗരസഭാ കൗൺസിലർ വി.പി.അബ്ദുൽ റഷീദ്, ഗ്രീൻലീഫ് ചെയർമാൻ ടി.എ.ജസ്റ്റിൻ, ഇരിട്ടി സിഐ കെ.ജെ.ബിനോയി, സെക്രട്ടറി പി.അശോകൻ, പ്രഥമ ചെയർമാൻ ഡോ.എം.ജെ.മാത്യു, വൈസ് ചെയർമാൻ സി.ബാബു എന്നിവർ പ്രസംഗിച്ചു.

തലശേരിവളവുപാറ റോഡ് വികസനത്തിന്റെ ഭാഗമായി നിർമിച്ച ഇരിട്ടി പുതിയ പാലം പരിസരത്തെ മാലിന്യ കൂമ്പാരമായി കിടന്ന സ്ഥലത്താണ് ഇരിപ്പിടങ്ങളും ഊഞ്ഞാലും ഉൾപ്പെടെ ഒരുക്കി പാർക്ക് നിർമിച്ചിട്ടുള്ളത്. ഏത് സമയത്തും കുട്ടികൾ ഉൾപ്പെടെ എല്ലാവർക്കും പാർക്കിൽ പ്രവേശിക്കാവുന്ന വിധമാണ് ക്രമീകരണം ഒരുക്കിയിട്ടുള്ളത്. സുരക്ഷിതത്വത്തിനായി നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്.

# നോക്കിയ പുതിയ മോഡൽ ഫോണുകൾ അവതരിപ്പിച്ചു

**കൊച്ചി:** നോക്കിയ ഫോണുകളുടെ നിർമാതാക്കളായ എച്ച്എംഡി ഗ്ലോബൽ, ആകർഷകമായ ബാറ്ററി ലൈഫും നിരവധി ഉപയോക്തൃസൗഹൃദ ഫീച്ചറുകളും പ്രദാനം ചെയ്യുന്ന നോക്കിയ 150 മോഡലിന്റെയും 130 മ്യൂസിക്കിന്റെയും അവതരണം പ്രഖ്യാപിച്ചു.ശക്തമായ ലൗഡ്സ്പീക്കറും എംപി3 പ്ലെയറും മൈക്രോ എസ്ഡി കാർഡും ഉപയോഗിച്ച് പ്രിയപ്പെട്ട ട്യൂണുകൾ ആസ്വദിക്കാൻ കഴിയുന്ന തരത്തിലാണ് നോക്കിയ 130 ഫോണിന്റെ രൂപകൽപന. 32ജിബി വരെയുള്ള എസ്ഡി കാർഡും ഫോൺ പിന്തുണയ്ക്കും. അപ്ഗ്രേഡ് ചെയ്ത 1450 എംഎഎച്ച് ബാറ്ററി മണിക്കൂറുകളോളം സംസാര സമയവും 34 ദിവസത്തെ സ്റ്റാൻഡ്ബൈയും നൽകും. ആകർഷകമായ ഡാർക്ക് ബ്ലൂ, പർപ്പിൾ, ലൈറ്റ് ഗോൾഡ് നിറങ്ങളിലാണ് നോക്കിയ 130 മ്യൂസിക് വരുന്നത്. ഡാർക്ക് ബ്ലൂ, പർപ്പിൾ നിറങ്ങൾക്ക് 1849 രൂപയും, ലൈറ്റ് ഗോൾഡ് വേരിയന്റിന് 1949 രൂപയുമാണ് വില.പ്രീമിയം ഫീച്ചറുകളാണ് ഏറ്റവും പുതിയ നോക്കിയ 150 മോഡലിന്റെ പ്രത്യേകത. അപ്ഗ്രേഡ് ചെയ്ത 1450 എംഎഎച്ച് ബാറ്ററിയാണ് ഫോണിന്. ഇത് ഉപയോഗിച്ച് 20 മണിക്കൂർ സംസാരസമയം ആസ്വദിക്കാം. സ്റ്റാൻഡ്ബൈയിൽ 34 ദിവസത്തെ ലൈഫാണ് വാഗ്ദാനം. ഫ്ലഷോടു കൂടിയ വിജിഎ റിയർ ക്യാമറ, 2.4 ഇഞ്ച് ഡിസ്പ്ലേ, 30 മണിക്കൂർ വരെ മ്യൂസിക് പ്ലേബാക്ക് ഉറപ്പാക്കുന്ന ശക്തമായ ലൗഡ് സ്പീക്കറും എംപി3 പ്ലെയറും തുടങ്ങിയവയെല്ലാം നോക്കിയ 150 ഫോണിലുണ്ട്. ആകർഷകമായ ചാർക്കോൾ, സിയാൻ,



റെഡ് നിറങ്ങളിൽ വരുന്ന നോക്കിയ 150 മോഡലിന് 2699 മാത്രമാണ് വില.പുതിയ നോക്കിയ 130 മ്യൂസിക്, നോക്കിയ 150 എന്നിവ ലോകത്തിന് പരിചയപ്പെടുത്തുന്നതിൽ തങ്ങൾ സന്തുഷ്ടരാണെന്ന് എച്ച്എംഡി ഗ്ലോബൽ ഇന്ത്യ ആൻഡ് എപിഎസി വൈസ് പ്രസിഡന്റ് രവി കുൻവാർ പറഞ്ഞു. തങ്ങളുടെ ഉപഭോക്താക്കളുടെ ജീവിതം മെച്ചപ്പെടുത്തുന്ന വിശ്വസനീയവും നൂതനവുമായ ഡിവൈസുകൾ നൽകാനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ് ഈ ഫോണുകളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇരുമോഡലുകളും റീട്ടെയിൽ സ്റ്റോറുകളിലും ചീസശമ.രീ ലും ഓൺലൈൻ പാർട്ണർ സ്റ്റോറുകളിലും ലഭിക്കും.

# മുത്തൂറ്റ് ഫിനാൻസിന് 1,045 കോടി രൂപ സംയോജിത അറ്റാദായം

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് നടപ്പുസാമ്പത്തിക വർഷം ജൂണിൽ അവസാനിച്ച ആദ്യ പാദത്തിൽ 1,045 കോടി രൂപ സംയോജിത അറ്റാദായം നേടി. മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 825 കോടി രൂപയായിരുന്നു അറ്റാദായം. 27 ശതമാനമാണ് അറ്റാദായത്തിലെ വർധന. കമ്പനിയുടെ ഒറ്റയ്ക്കുള്ള അറ്റാദായം 22 ശതമാനം വർധിച്ച് 975 കോടി രൂപയായതായി മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ് ജേക്കബ് മുത്തൂറ്റ് അറിയിച്ചു.കമ്പനി കൈകാര്യം ചെയ്യുന്ന സംയോജിത വായ്പാ ആസ്തി 63,444 കോടി രൂപയിൽ നിന്നും 21 ശതമാനം വർധിച്ച് 76,799 കോടി രൂപയായി. സ്വർണ പണയ വായ്പാ വിതരണത്തിൽ എക്കാലത്തെയും ഉയർന്ന നേട്ടമാണ് കമ്പനിക്ക് നേടാനായത്. 53,612 കോടി രൂപയുടെ സ്വർണവായ്പകൾ ജൂൺ പാദത്തിൽ വിതരണം ചെയ്തു. ഗോൾഡ് ലോൺ ആസ്തിയിൽ 4,164 കോടിയുടെ ഏറ്റവും ഉയർന്ന വളർച്ച. 2,863 കോടി രൂപയാണ് പലിശ വരുമാനം.59 പുതിയ ശാഖകൾ മുത്തൂറ്റ് ഫിനാൻസ് ആദ്യപാദത്തിൽ തുറന്നു. 114 പുതിയ ശാഖകൾ കൂടി തുറക്കുന്നതിന് ഈ വർഷം ജൂലൈയിൽ ആർബിഐയിൽ നിന്ന് അനുമതി ലഭിച്ചതായും കമ്പനി അറിയിച്ചു. നിലവിൽ 5,897 ശാഖകളാണ് മുത്തൂറ്റ്




ഗ്രൂപ്പിനുള്ളത്. ഓഹരിയാക്കി മാറ്റാൻ പറ്റാത്ത കടപ്പത്രങ്ങളുടെ വിൽപ്പയിലൂടെ 179 കോടി രൂപയും മുത്തൂറ്റ് ഫിനാൻസ് സമാഹരിച്ചു.സ്വർണപണയ വായ്പാ ബിസിനസിൽ നേതൃസ്ഥാനത്ത് തുടരാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്നും വിവിധ വായ്പാ സേവനങ്ങളിലൂടെ ഉപഭോക്തൃ അടിത്തറ വിശാലമാക്കാനാണ് ശ്രമിക്കുന്നതെന്നും ജോർജ് ജേക്കബ് മുത്തൂറ്റ് അറിയിച്ചു. സ്വർണ്ണേതര വായ്പാ വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ബിസിനസ്സിന് അന്തരീക്ഷം തുടരുകയാണ്, തങ്ങളുടെ പുതിയ സേവനങ്ങളായ ചെറുകിട ബിസിനസ് ലോണുകളും മൈക്രോ പേഴ്സണൽ ലോണുകളും ഈ പാദത്തിൽ മികച്ച വളർച്ച രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് മാനേജിങ് ഡയറക്ടർ ജോർജ് അലക്സാണ്ടർ പറഞ്ഞു.

# ടെക്നോപാർക്കിൽ പുതിയ വാണിജ്യ കെട്ടിടം; ടെസ്റ്റ് പൈലിങ്ങിന് തുടക്കം

**തിരുവനന്തപുരം:** ടെക്നോപാർക്കിൽ 30 കോടി രൂപ ചെലവിൽ പുതിയ വാണിജ്യ കെട്ടിടം ഒരുങ്ങുന്നു. ഫെയ്സ് വണ്ണിൽ 50,000 സ്ക്വയർഫീറ്റ് സ്ഥലത്തായി ഒരുങ്ങുന്ന കെട്ടിടത്തിന്റെ ടെസ്റ്റ് പൈലിങ്ങും ഭൂമി പൂജയും നടത്തി. നൂറു ശതമാനം ഇലക്ട്രിസിറ്റി ഡി.ജി ബാക്കപ്പും എച്ച്.വി.എ.സി, ഫയർ പ്രൊട്ടക്ഷനും, ഇന്റഗ്രേറ്റഡ് ബിൽഡിങ്ങ് മാനേജ്മെന്റ് സിസ്റ്റവും (ഐ.ബി.എം.എസ്), സോളാർ പവർ പാനലുകളും ഉൾപ്പടെയുള്ള സൗകര്യങ്ങളോടെ ഒരുക്കുന്ന കെട്ടിടത്തിന്റെ ഡിസൈനും നിർമാണ മേൽനോട്ട ചുമതലയും ടെക്നോപാർക്ക് എൻജിനിയറിങ്ങ് വിഭാഗമാണ് നിർവഹിക്കുന്നത്. സിവിൽ വർക്കുകളുടെ ചുമതല തിരുവനന്തപുരം ക്രസന്റ് കൺസ്ട്രക്ഷൻ കമ്പനിക്കാണ്. ടെക്നോപാർക്ക് ഫെയ്സ് വണ്ണിൽ നടന്ന ചടങ്ങിൽ ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട), സി.എഫ്.ഒ ജയന്തി എൽ, ജനറൽ മാനേജർ (പ്രൊജക്ട്സ്) മാധവൻ പ്രവീൺ, മാനേജർ (സിവിൽ) രാഹുൽ തമ്പി, ഫയർ ആൻഡ് സേഫ്റ്റി ഓഫീസർ മധു ജനാർദ്ധനൻ, അസിസ്റ്റന്റ് ജനറൽ മാനേജർ (കസ്റ്റമർ റിലേഷൻഷിപ്പ്) വസന്ത് വരദ, കേരളാ ഐ.ടി പാർക്ക്സ് സി.എം.ഒ മഞ്ജിത്ത് ചെറിയാൻ തുടങ്ങിയവർ പങ്കെടുത്തു.റസ്റ്റോറന്റുകൾ, ബാങ്ക്, മറ്റ് കടകൾ തുടങ്ങിയ വാണിജ്യ സ്ഥാപനങ്ങൾക്ക് നല്ല വാണിജ്യഅന്തരീക്ഷം സാധ്യമാക്കാൻ ലക്ഷ്യമിട്ടാണ് പുതിയ കെട്ടിട നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നതെന്ന് ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ പറഞ്ഞു. ടെക്നോപാർക്കിനുള്ളിൽ ഐ.ടി വർക്ക് സ്പെയ്സിനുള്ള ആവശ്യകത പരിഗണിച്ച് ഐ.ടി വർക്ക് സ്പെയ്സിനും വാണിജ്യ സ്ഥാപനങ്ങൾക്കും ഈ നിർമാണത്തിന്റെ രൂപകൽപ്പന ഉതകുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ബ്രോഡ്ബാൻഡ് ലഭ്യത ത്വരിതപ്പെടുത്തൽ; മൈമോസ നെറ്റ്വർക്ക് ഏറ്റെടുത്ത് റിലയൻസിന്റെ റാഡിസിസ്

**കൊച്ചി/ യു എസ് :** ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനവും ഓപ്പൺ ടെലികോം സൊല്യൂഷനുകളുടെ ആഗോള തലവനുമായ റാഡിസിസ് കോർപറേഷൻ ( ഞമറശ്യെണ്ണ ഇീൃുീൃമശേീ ("Radsiys"), എയർസ്പാൻ നെറ്റ്വർക്ക് ഹോൾഡിങ്സിൽ നിന്ന് മൈമോസ നെറ്റ്വർക്ക്സ് (Mimosa Networks, Inc.) ഏറ്റെടുക്കൽ പൂർത്തിയാക്കി.ലൈസൻസില്ലാത്ത സ്പെക്ട്രം ബാൻഡുകളെ സ്വാധീനിക്കുന്ന പോയിന്റ് ടുപോയിന്റ്, പോയിന്റ് ടുമൾട്ടിപോയിന്റ് കണക്റ്റിവിറ്റി ഉൽപ്പന്നങ്ങളുടെ വൈവിധ്യമാർന്ന പോർട്ട്ഫോളിയോയാണ് മൈമോസയുടേത് . ഈ ഉൽപ്പന്നങ്ങൾ മൾട്ടിഗിഗാബിറ്റ്പെർസെക്കൻഡ് ഫിക്സഡ് വയർലെസ് നെറ്റ്വർക്കുകളും ടെലികമ്മ്യൂണിക്കേഷൻ സിസ്റ്റങ്ങൾക്കായുള്ള വയർലെസ് കണക്റ്റിവിറ്റിയും ദ്രുതഗതിയിൽ ലഭ്യമാക്കുന്നു.മൈമോസയുടെ ഉൽപ്പന്നങ്ങൾ റാഡിസിസിന്റെ ഓപ്പൺ ആക്സസ് പോർട്ട്ഫോളിയോയ്ക്ക് കൂടുതൽ മൂല്യമേകും. മൈമോസ ഇപ്പോൾ റാഡിസിസിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമാണ്.

# ലോക യുവജന ദിനം: ഫോർട്ട് കൊച്ചി ബീച്ച് ശുചീകരിച്ച് വിദ്യാർഥികൾ



**കൊച്ചി:** ലോക യുവജന ദിനത്തിൽ സേക്രഡ് ഹാർട്ട് കോളേജ് തേവരയിലെ വിദ്യാർഥികൾ ഫോർട്ട് കൊച്ചി ബീച്ച് വൃത്തിയാക്കാൻ ഒത്തുചേർന്ന് പരിസ്ഥിതി ബോധത്തിന്റെ തിരി തെളിച്ചു.ഫോർട്ട് കൊച്ചി ബീച്ചിനെ വിനോദസഞ്ചാര സൗഹൃദ കേന്ദ്രമാക്കാൻ കൊച്ചിൻ ഹെറിറ്റേജ് സോൺ കൺസർവേഷൻ സൊസൈറ്റിയുടെയും വിദ്യാർഥികളുടെയും നേതൃത്വത്തിൽ ശനിയാഴ്ച ശുചീകരണ യജ്ഞം നടത്തി.വിവിധ സംഘടനകളുടെയും കോളേജിന്റെയും സഹകരണത്തോടെ കഴിഞ്ഞ ഏതാനും വർഷങ്ങളായി എല്ലാ ശനിയാഴ്ചകളിലും ബീച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.പാരിസ്ഥിതിക വെല്ലുവിളികളിൽ കൂട്ടായ പ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും 2023 ലെ ലോക യുവജന ദിനത്തിന്റെ പ്രമേയത്തിലേക്ക് യുവാക്കളുടെ ശ്രദ്ധ കേന്ദ്രീകരിക്കുവാനും ഈ പ്രവർത്തനത്തിലൂടെ സാധിച്ചു.സ്റ്റുഡന്റ് ഡെവലപ്മെന്റ് ഓഫീസറായ എബിൻ അമ്പിളിയുടെനേതൃത്വത്തിൽ 130ലധികം വിദ്യാർത്ഥികൾ ശുചീകരണ യജ്ഞത്തിനായി ബീച്ചിൽ ഒത്തുകൂടി.മണിക്കൂറുകളോളം നീുനിന്ന ശുചീകരണ യജ്ഞത്തിൽ സിംഗിൾ യൂസ് ബോട്ടിൽ റാപ്പറുകളും ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു.ശുചീകരണ പ്രവർത്തനത്തിന്റെ വിജയം ഉറപ്പാക്കാൻ മാലിന്യ നിർമാർജന സൗകര്യങ്ങളും ലോജിസ്റ്റിക് അസിസ്റ്റന്റും നൽകി പ്രാദേശിക അധികാരികൾ പിന്തുണ നൽകി.കൊച്ചിൻ ഹെറിറ്റേജ് സോൺ സൊസൈറ്റിയുമായി സഹകരിച്ച് എല്ലാ ശനിയാഴ്ചകളിലും എസ്എച്ച് കോളേജ് ഈ സേവന പഠന സംരംഭത്തിൽ പതിവായി ഏർപ്പെടുന്നു.പരിസ്ഥിതി സംരക്ഷണത്തിനായുള്ള യുവതലമുറയുടെ ഊർജ്ജത്തിനും പ്രതിബദ്ധതയ്ക്കും പിന്തുണ നൽകാൻ നോഡൽ ഓഫീസർ ബോണി തോമസ് സാറും സംഘടനയുടെ സ്റ്റാഫ്സ് ആയ ഗഫൂർ, ശ്രീജിത്ത്, എപ്പോഴും ഒപ്പമു്.

# കജാരിയയുടെ ദേശ് കി മിട്ടി കാമ്പെയിൻ

**കൊച്ചി:**ടൈൽ കമ്പനി കജാരിയ തങ്ങളുടെ 35 വർഷത്തെ സേവനമികവിന്റെ ആഘോഷമായി ഏറ്റവും പുതിയ ദേശ് കി മിട്ടി കാമ്പെയിനു തുടക്കം കുറിച്ചു. ബോളിവുഡ് താരങ്ങളായ അക്ഷയ് കുമാർ, രൺവീർ സിങ് എന്നിവരെ ബ്രാൻഡ് അമ്പാസിഡർമാരായി അവതരിപ്പിച്ചാണ് ഇതിനു തുടക്കം കുറിച്ചിരിക്കുന്നത്. 82.5 കമ്യൂണിക്കേഷൻസ് ആശയാവിഷ്ക്കാരം നടത്തിയ അക്ഷയും രൺവീറുമായുള്ള ഈ പരസ്യ ചിത്രം ഈ വ്യവസായ രംഗത്തെ കജാരിയയുടെ പ്രാധാന്യത്തെ അവതരിപ്പിക്കുകയാണെന്ന് കജാരിയ സിറാമിക്സ് ജോയിന്റ് മാനേജിങ് ഡയറക്ടർ റിഷി കജാരിയ പറഞ്ഞു. ചെറുകിട, ഇടത്തരം പട്ടണങ്ങളിലേക്കും ദക്ഷിണേന്ത്യയിലേക്കും സ്വാധീനം കൂടുതൽ വിപുലമാക്കാനാണ് തന്ത്രപരമായ ഈ നീക്കത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ ടിവി പരസ്യം മലയാളം, തമിഴ്, തെലു, കന്നഡ എന്നീ പ്രാദേശിക ഭാഷകളിലും റിലീസു ചെയ്യും. ബോളിവുഡിലെ ഏറ്റവും വലിയ രു പേരായ അക്ഷയേയും രൺവീറിനേയും പുതിയ കാമ്പെയിനായി ലഭിച്ചതിൽ തങ്ങൾക്ക് ആഹ്ലാദമുണ്ടെന്നും റിഷി കജാരിയ പറഞ്ഞു. കജാരിയ 35-ാം വർഷത്തിലേക്കു കടക്കുന്ന വേളയിലെ ഈ കാമ്പെയിൻ കമ്പനി പുതിയ അധ്യായത്തിലേക്കു കടക്കുന്നതിന്റെ പ്രതീകമാണെന്ന് ഇതേക്കുറിച്ച് കജാരിയ ജോയിന്റ് മാനേജിങ് ഡയറക്ടർ ചേതൻ കജാരിയ കൂട്ടിച്ചേർത്തു.

## റേഷൻ റൈറ്റ് കാർഡ് വിതരണം 14ന് പെരുമ്പാവൂരിൽ

**കൊച്ചി:** ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അവരുടെ റേഷൻ വിഹിതം ഇവിടത്തെ റേഷൻകടകളിൽ നിന്നും ലഭിക്കും. ഈ തൊഴിലാളികൾക്ക് അവരുടെ കൈവശമുള്ള ആധാർകാർഡ് മുഖാന്തിരം റേഷൻ കടകളിൽ നിന്നും എൻഎഫ്എസ്എ വിഭാഗത്തിലുള്ള ഭക്ഷ്യധാന്യ വിഹിതം ലഭിക്കുന്നതിനായി അറിവ് നൽകുന്ന റേഷൻ റൈറ്റ് കാർഡ് പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടു. ഇതിന്റെ ഭാഗമായി ആസാം, ബംഗാൾ, തമിഴ്, ഹിന്ദി, കന്നഡ, ഒഡീഷ ഭാഷകളിൽ തയ്യാറാക്കിയിട്ടുള്ള റേഷൻ റൈറ്റ് കാർഡ് വിതരണത്തിന്റെ ഉദ്ഘാടനം ഓഗസ്റ്റ് 14ന് രാവിലെ 7ന് മന്ത്രി ജി.ആർ.അനിൽ നിർവഹിക്കും. പെരുമ്പാവൂർ നഗരസഭ ഓഫീസ് മുൻവശത്തുള്ള ഗാന്ധി സ്ക്വയറിൽ നടക്കുന്ന ചടങ്ങിൽ എൽദോസ് കുന്നപ്പിള്ളി എം.എൽ.എ, പി.വി. ശ്രീനിജിൻ എം.എൽ.എ, പെരുമ്പാവൂർ നഗരസഭാ ചെയർമാൻ ബിജു ജോൺ ജേക്കബ്, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ഡോ. സജിത് ബാബു, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേസിൽ പോൾ, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അൻവർ അലി, വടവുക്കോട്പൂത്തൻകുരിശ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റസീന പരീത് തുടങ്ങിയവർ സംബന്ധിക്കും.ഒരു രാജ്യം ഒരു റേഷൻ കാർഡ് എന്ന പദ്ധതി 2013 ദേശിയ ഭക്ഷ്യഭദ്രതാനിയമത്തിന്റെ ഭാഗമായി രാജ്യത്ത് നടപ്പിലായിട്ടു. ദരിദ്ര വിഭാഗത്തിൽ ഉൾപ്പെടുന്ന (ചഎടഅ)വിഭാഗം കാർഡുടമകൾക്ക്/അംഗങ്ങൾക്ക് ഇന്ത്യയിൽ ഏതു സംസ്ഥാനത്തു നിന്നും അവരുടെ റേഷൻ വിഹിതം ലഭിക്കും.

## കൗൺസിലർ താത്കാലിക നിയമനം

**കൊച്ചി:**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രിമെട്രിക്ക് ഹോസ്റ്റൽ മാതിരപ്പിള്ളി, പ്രിമെട്രിക്ക് ഹോസ്റ്റൽ നേര്യമംഗലം, പ്രിമെട്രിക്ക് ഹോസ്റ്റൽ പിണവൂർക്കുടി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനം സ്വഭാവ രൂപീകരണം, പഠന ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ കൗൺസലിംഗ് നൽകുന്നതിനും കരിയർ ഗൈഡൻസ് നൽകുന്നതിനുമായി 202324 അധ്യായന വർഷം കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിയമിക്കുന്നു. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, 2 പാസ്പോർട്ട് സൈസ് ഫോട്ടോ, പ്രവർത്തി പരിചയം കാണിക്കുന്ന സർട്ടിഫിക്കറ്റ്, അഡ്രസ്സ് പ്രൂഫ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ എന്നിവ സഹിതം മുവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്/ ആലുവ, ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് എന്നിവിടങ്ങളിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി ഓഗസ്റ്റ് 23 ന് വൈകിട്ട് 5 വരെ. നിയമന കാലാവധി 2024 മാർച്ച് 31 വരെ മാത്രമായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 20000 രൂപ ഹോണറേറിയം ലഭിക്കും.യോഗ്യത എം.എ സൈക്കോളജി/എം.എസ്സ് ഡബ്ല്യൂ(സ്റ്റുഡന്റ് കൗൺസിലർ പരിശീലനം നേടിയവരായിരിക്കണം), എം.എസ്.സി സൈക്കോളജി കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്ന് നേടിയവർ തുല്യത സർട്ടിഫിക്കറ്റ് ഹാജരാക്കണം. കൗൺസിലിംഗിൽ സർട്ടിഫിക്കറ്റ്/ഡിപ്ലോമ നേടിയവർക്കും സ്റ്റുഡൻസ് കൗൺസിലർ രംഗത്ത് മുൻപരിചയമുള്ളവർക്കും മുൻഗണന. പ്രായ പരിധി 01.01.2023 ൽ 25നും 45നും ഇടയിൽ പ്രായം ആകെ 2 ( പുരുഷൻ 1, സ്ത്രീ 1) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയും നൈപുണ്യവും കഴിവുള്ള ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകി മുൻഗണന നൽകും. നിയമനങ്ങൾക്ക് പ്രാദേശിക മുൻഗണന ഉായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0485 2970337 നമ്പറിൽ ബന്ധപ്പെടാം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (എറണാകുളം), പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ എറണാകുളം, ആലുവ എന്നിവിടങ്ങളിലേയ്ക്കുള്ള പട്ടികജാതി / പട്ടികവർഗ്ഗ / അർഹരായ മറ്റുള്ളവർ /ജനറൽ വിഭാഗം ഒഴിവുകളിലേയ്ക്ക് 202324 വർഷം പ്രവേശനത്തിനായി ബിരുദ തലം മുതലുള്ള വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി, വരുമാനം, നേറ്റിവിറ്റി, സ്വഭാവ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, പഠിക്കുന്ന സ്ഥാപനത്തിലെ ഹോസ്റ്റലിൽ പ്രവേശനം ലഭിച്ചില്ല എന്ന സാക്ഷ്യപത്രവും സഹിതം 2023 ആഗസ്റ്റ് 19 ന് മുൻപായി ബന്ധപ്പെട്ട ഹോസ്റ്റലുകളിലെ റസിഡന്റ് ട്യൂട്ടർക്കോ ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്കോ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങക്ക്: 04842422256

# 10 വർഷം പിന്നിട്ടു; ലാലിച്ചന്റെ ഹൃദയം ശ്രുതിയിൽ മിടിച്ചുകൊണ്ടേയിരിക്കുന്നു




**കൊച്ചി:** ലാലിച്ചന്റെ ഹൃദയം താളവ്യത്യാസങ്ങളില്ലാതെ ശ്രുതിയിൽ മിടിക്കുവാൻ തുടങ്ങിയിട്ട് പത്ത് വർഷം പൂർത്തിയായി. കേരളത്തിൽ ആദ്യമായാണ് ഹൃദയം മാറ്റിവച്ച ഒരു വ്യക്തി പത്ത് വർഷം പൂർത്തിയാക്കി മുന്നോട്ടു പോകുന്നത്. 43ാം വയസ്സിൽ നിന്നു പോകുമായിരുന്ന ലാലിച്ചന്റെ ഹൃദയം ശ്രുതിയിൽ ഇന്നും മിടിച്ചുകൊണ്ടിരിക്കുന്നതിനുള്ള വലിയ തീരുമാനമെടുത്ത അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും ശ്രുതിയുടെ സന്തോഷത്തിൽ പങ്കുചേരുവാൻ എത്തിയിരുന്നു. പത്തു വർഷം മുൻപ് ലോക അവയവദാന ദിനമായ ഓഗസ്റ്റ് 13ന് ആണ് മസ്തിഷ്ക്ക മരണം സംഭവിച്ച ലാലിച്ചന്റെ അവയവങ്ങൾ ദാനം ചെയ്യാമെന്ന വലിയ തീരുമാനം ആ കുടുംബം എടുത്തത് എന്നത് യാദൃശ്ചികതയായി. ലിസി ആശുപത്രിയിൽ നടന്ന ചടങ്ങിൽ ആശംസകൾ നേരാൻ ചലച്ചിത്ര നടി അന്ന ബെൻ എത്തി. അവയവദാനത്തെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന രീതിയിൽ പുറത്തുവരുന്ന വാർത്തകളുടെ നിജസ്ഥിതി പരിശോധിക്കാതെയും അന്വേഷിക്കാതെയും സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് ഉത്തരവാദിത്വമുള്ള ഒരു ജനസമൂഹത്തിന് ചേർന്നതല്ലെന്ന് അന്ന ബെൻ പറഞ്ഞു. പിറവം, ആരക്കുന്നം, കടപ്പുത്ത് വീട്ടിൽ ശശീന്ദ്രന്റെയും ശാന്തയുടെയും മകളായ ശ്രുതിക്ക് 24ാം വയസ്സിലാണ് ഹൃദയം മാറ്റിവച്ചത്. ഹൃദയം ക്രമാതീതമായി വികസിച്ചുവരുന്ന ഡൈലേറ്റഡ് കാർഡിയോ മയോപതി എന്ന അസുഖമായിരുന്നു. രക്തധമനികളെ ഗുരുതരമായി ബാധിക്കുന്ന ടക്കയാസു ഡിസീസും ശ്രുതിക്കുണ്ടായിരുന്നു. ഇതിനെല്ലാം പുറമേ ശ്രുതിക്കു ജന്മനാ ഒരു വൃക്ക മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏഷ്യയിൽ ആദ്യമായാണ് ഇത്തരം ഒരു വ്യക്തിയിൽ വിജയകരമായി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. സാമ്പത്തികമായി വളരെ പിന്നാക്ക അവസ്ഥയിലായിരുന്ന ശ്രുതിയുടെ കുടുംബത്തിന് തണലായത് നാട്ടിലെ സാമൂഹികരാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവരായിരുന്നു.

2013 ഓഗസ്റ്റ് 13നാണ് കോട്ടയം വാഴപ്പിള്ളി സ്വദേശി തൈപ്പറമ്പിൽ ജോസഫ് മാത്യു (ലാലിച്ചൻ)വിന് മസ്തിഷ്ക്ക മരണം സംഭവിച്ചത്. ബന്ധുക്കൾ അവയവദാനത്തിന് തയ്യാറായതിനെത്തുടർന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം കേവലം ഒരു മണിക്കൂറിൽ താഴെ സമയം കൊണ്ടാണ് കോട്ടയത്തുനിന്ന് പോലീസ് അകമ്പടിയോടെ ഹൃദയം ലിസി ആശുപത്രിയിൽ എത്തിച്ചത്. ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിലാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നത്.ശസ്ത്രക്രിയയ്ക്കു ശേഷം വൈകാതെ സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയ ശ്രുതി ഇപ്പോൾ ബ്യൂട്ടീഷനായി ജോലി ചെയ്യുകയാണ്.ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി, ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ, ചികിത്സയ്ക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ, സ്റ്റാഫംഗങ്ങൾ, ഹൃദയം മാറ്റിവച്ചവർ എന്നിവരുൾപ്പെടെ നിരവധി പേർ ചടങ്ങിന് എത്തിയിരുന്നു.

# സ്വാതന്ത്ര്യ ദിനാഘോഷം: അവസാനഘട്ട പരേഡ് പരിശീലനം നടത്തി



**കൊച്ചി:** രാജ്യത്തിന്റെ 76ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി അവസാനഘട്ട തയ്യാറെടുപ്പുകളുമായി എറണാകുളം ജില്ലാ ഭരണകൂടം. സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ചു നടത്തുന്ന പരേഡിന്റെ അവസാനഘട്ട പരിശീലനം സിവിൽ സ്റ്റേഷനിലെ പരേഡ് മൈതാനിയിൽ സംഘടിപ്പിച്ചു. വേഷവിധാനങ്ങളോടെ ഓഗസ്റ്റ് 15 ന് നടക്കുന്ന ആഘോഷ പരിപാടികളുടെ അതേ മാതൃകയിലായിരുന്നു പരിശീലനം.30 പ്ലറ്റൂണുകളും മൂന്ന് ബാന്റ് സംഘവുമാണ് ഇത്തവണ പരേഡിൽ അണിനിരിക്കുന്നത്. ഡി.എച്ച്.ക്യൂ ക്യാമ്പ് കൊച്ചി സിറ്റി, എറണാകുളം റൂറൽ ലോക്കൽ പോലീസ്, കൊച്ചി സിറ്റി ലോക്കൽ പോലീസ്, എറണാകുളം റൂറൽ വനിതാ പോലീസ്, കൊച്ചി സിറ്റി ലോക്കൽ വനിതാ പോലീസ്, കേരള ആംഡ് പ്ലറ്റൂൺ തൃപ്പുണിത്തുറ ബറ്റാലിയൻ, എക്സൈസ്, സി കേഡറ്റ്സ് കോപ്സ് (സീനിയർ ), 21 കേരള ബി.എൻ എൻ.സി.സി തുടങ്ങി ആയുധങ്ങളോടെയുള്ള 9 പ്ലറ്റൂണുകളുംഫയർ ഫോഴ്സ്, ടീം കേരള, കേരള സിവിൽ ഡിഫൻസ്, വിവിധ സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, സ്കൗട്ട് ആൻഡ് ഗൈഡ്സ്, റെഡ് ക്രോസ് തുടങ്ങി 18 നിരായുധ പ്ലറ്റൂണുകളുമാണ് പരേഡിൽ പങ്കെടുക്കുന്നത്.ഓഗസ്റ്റ് 15 ന് രാവിലെ 8.40 ന് പരിപാടികൾ ആരംഭിക്കും. 9 ന് മന്ത്രി കെ. രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തി സ്വാതന്ത്ര്യ ദിന സന്ദേശം നൽകും. പരേഡ് പരിശോധിച്ച് അഭിവാദ്യം സ്വീകരിക്കും. തുടർന്ന് ദേശഭക്തിഗാനാലാപനവും മികച്ച പ്ലറ്റൂണുകൾക്കുള്ള സമ്മാനദാനവും നടക്കും. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എ.അക്ബർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

# ലോക ഡ്വാർഫ് ഗെയിംസ് 2023ലെ ചരിത്ര വിജയം; സിനിമോൾക്ക് വീടു നൽകുമെന്ന് മുത്തൂറ്റ് ഫിനാൻസ്



**കൊച്ചി:** ജർമനിയിലെ കൊളോണിൽ നടന്ന എട്ടാമത് വേൾഡ് ഡ്വാർഫ് ഗെയിംസ് 2023ൽ അഞ്ചു മെഡലുകൾ നേടിയ മലയാളി താരം സിനിമോൾ കെ.സെബാസ്റ്റ്യന് പിന്തുണയുമായി  മുത്തൂറ്റ് ഫിനാൻസ്. 120 സെൻറിമീറ്റർ ഉയരമുള്ള സിനിമോൾ നാലു സ്വർണവും ഒരു വെള്ളിയും ഉൾപ്പടെ അഞ്ചു മെഡലുകൾ കരസ്ഥമാക്കിയാണ് തിളക്കമാർന്ന പ്രകടനം കാഴ്ചവച്ചത്. കൊളോണിലെ ജർമൻ സ്പോർട്സ് യൂണിവേഴ്സിറ്റിയിലെ ഡ്യൂവിഷ്ഹോച്ച്ഷ്യൂളിൽ ജൂലൈ 28 മുതൽ ആഗസ്റ്റ് അഞ്ചുവരെയായിരുന്നു ഗെയിംസ്.ഇടുക്കിയിൽ നിന്നുള്ള 39 കാരിയായ സിനിമോൾക്ക് ഫാ. സോളമൻ കടമ്പാട്ടുപറമ്പിലാണ് അംഗവൈകല്യമുള്ളവർക്കായുള്ള ദർശന സൊസൈറ്റിക്കു കീഴിൽ പരിശീലനം നൽകിയത്. വിവിധ ഇനങ്ങളിലെ പ്രകടനങ്ങൾക്കാണ് സിനിമോൾക്ക് അഞ്ചു മെഡലുകൾ ലഭിച്ചത്. നീന്തൽ (ഫ്രീസ്റ്റൈൽ 25 മീറ്റർ, 50 മീറ്റർ), ജാവലിൻ ത്രോ, ഡിസ്ക്കസ് ത്രോ എന്നിവയിൽ നാലു സ്വർണവും ഷോട്ട്പുട്ടിൽ വെള്ളിയും കരസ്ഥമാക്കി. ഇന്ത്യൻ സംഘത്തിൻറെ പതാക വാഹക കൂടിയായിരുന്നു കേരളത്തിൻറെ ഈ താരം.സിനിമോളുടെ നേട്ടങ്ങളെ ആദരിക്കുന്നതിനായി മുത്തൂറ്റ് ഫിനാൻസ് കൊച്ചി ഹെഡ് ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിൽ മുത്തൂറ്റ് ഫിനാൻസ് എംഡി ജോർജ് അലക്സാണ്ടർ മുത്തൂറ്റ് സിനിമോൾക്ക് മെമൻറോ സമ്മാനിച്ചു. പരമ്പരാഗത ചെണ്ടമേളവും സ്വീകരണത്തിൻറെ ഭാഗമായി ഉണ്ടായിരുന്നു. സിനിമോൾക്ക് പുതിയൊരു വീടും നൽകുമെന്ന് മുത്തൂറ്റ് ഫിനാൻസ് വ്യക്തമാക്കി. ലോക ഡ്വാർഫ് ഗെയിംസ് 2023ൽ നേട്ടങ്ങളിലേക്ക് എത്തുന്നതിനായി സിനിമോൾ നേരിടേണ്ടി വന്ന കഷ്ടപ്പാടുകൾക്ക് പ്രതിഫലമായാണ് ഈ സമ്മാനം. കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സിനിമോളുടെയും സഹോദരൻറെയും എല്ലാ യാത്രാ ചെലവുകളും വഹിച്ചത്  മുത്തൂറ്റ് ഫിനാൻസാണ്. ജർമനിയിലെ ലോക ഡ്വാർഫ് ഗെയിംസ് 2023ലെ സിനിമോളുടെ ചരിത്രവിജയം അഭിമാനം നൽകുന്നുവെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. ലോക ഡ്വാർഫ് ഗെയിംസ് 2023ൽ അസാധാരണ പ്രകടനം കാഴ്ചവച്ച സിനിമോൾ കെ.സെബാസ്റ്റ്യനെ അഭിനന്ദിക്കുന്നുവെന്നും അവരുടെ അർപ്പണവും ആവേശവും എല്ലാവർക്കും പ്രോൽസാഹനമാണെന്നും മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ് എം.ജോർജ് പറഞ്ഞു. ഗെയിംസിലെ വിജയത്തിൽ താൻ ശരിക്കും ആഹ്ളാദഭരിതയാണെന്നും രാജ്യത്തിനായി കൂടുതൽ വലിയ നേട്ടങ്ങൾ കൊയ്യാനുള്ള പ്രചോദനമായി ഇത് മാറുമെന്നും സിനിമോൾ പറഞ്ഞു. നിശ്ചയദാർഢ്യത്തിൻറെയും അചഞ്ചലമായ പിന്തുണയുടെയും തെളിവാണ് ഈ വിജയം. കുടുംബാംഗങ്ങൾ, കൂട്ടുകാർ, പരിശീലകർ, സ്പോൺസർ മുത്തൂറ്റ് ഫിനാൻസ് തുടങ്ങിയ എല്ലാവരും നല്ല പിന്തുണ നൽകി. ലോക ഡ്വാർഫ് ഗെയിംസിലുടനീളം മുത്തൂറ്റ് ഫിനാൻസ് ഏറെ പിന്തുണ നൽകിയെന്നും പുതിയ വീടിനും സ്പോൺസർഷിപ്പിനും നന്ദിയുണ്ടെന്നും സിനിമോൾ കൂട്ടിച്ചേർത്തു.

# പിരാമൽ മെൻസ്ട്രൽ കപ്പുകളുമായി ഐ–ആക്ടീവ്

**കൊച്ചി:** പിരാമൽ കൺസ്യൂമർ പ്രൊഡക്ട് ഡിവിഷൻ (സിപിഡി) ഐ-ആക്ടീവ് മെൻസ്ട്രൽ കപ്പുകൾ അവതരിപ്പിച്ച് ഐ-ആക്ടീവ് പോർട്ട്ഫോളിയോ വിപുലീകരിക്കുന്നു. ഇന്ത്യയിലെ സ്ത്രീകൾക്ക് ആർത്തവ സുരക്ഷയിൽ വിപ്ലവം സൃഷ്ടിക്കാൻ ഒരുങ്ങുന്ന ഉത്പന്നത്തിന് പുറമേ,  നടി ശ്രിയ പിൽഗാവോങ്കറുമായി സഹകരിച്ച് ഹോണസ്റ്റ് ട്യൂട്ടോറിയൽ എന്ന പേരിൽ പുതിയ ക്യാമ്പയിനും കമ്പനി ആരംഭിച്ചിട്ടുണ്ട്. മികച്ച ഐ-ആക്ടീവ് മെൻസ്ട്രൽ കപ്പ് പ്രോത്സാഹിക്കുന്നതിനാണ് ഹോണസ്റ്റ് ട്യൂട്ടോറിയൽ ക്യാമ്പയിൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നൂറ് ശതമാനം മെഡിക്കൽ ഗ്രേഡ് സിലിക്കൺ ഉപയോഗിച്ച് രൂപകല്പന ചെയ്താണ് ഐ-ആക്ടീവ് മെൻസ്ട്രൽ കപ്പ്. ഏറെ കാര്യക്ഷമവും ചെലവ് കുറഞ്ഞതുമായ ഈ മെൻസ്ട്രൽ കപ്പുകൾ 8 മുതൽ 10 മണിക്കൂർ വരെ ചോർച്ച സംരക്ഷണവും വാഗ്ദാനം ചെയ്യുന്നു. അഞ്ച് വ ർഷം വരെ ഇത് ഉപയോഗിക്കാനും കഴിയുമെന്ന് പിരാമൽ കണ്സ്യൂമർ പ്രൊഡക്ഷൻ ഡിവിഷൻ സിഇഒ നിതീഷ് ബജാജ് പറഞ്ഞു. 15നും 24നും ഇടയിൽ പ്രായമുള്ള ഏകദേശം നാലിലൊന്ന് സ്ത്രീകളും അവരുടെ ആർത്തവ സമയങ്ങളിൽ സാനിറ്ററി സംരക്ഷണ രീതികൾ ഉപയോഗിക്കുന്നില്ലെന്നാണ് 2019-21ലെ ദേശീയ കുടുംബാരോഗ്യ സർവേ (എൻഎഫ്എച്ച്എസ്-5) പറയുന്നത്. ശരിയായ ആർത്തവ പരിചരണം നല്കുന്നതിന്, ആർത്തവസമയത്ത് സ്ത്രീകളുടെ ക്ഷേമവും ആശ്വാസവും ഉറപ്പാക്കുന്ന ഉല്പ്പന്നങ്ങളുടെ ഒരു ശ്രേണിയാണ് ഐ-ആക്ടീവ് വാഗ്ദാനം ചെയ്യുന്നത്.പാഡുകൾക്കും തുണികൾക്കും സുസ്ഥിരവും ചെലവ് കുറഞ്ഞതുമായ ബദൽ ആയി ഐ-ആക്ടീവ് മെൻസ്ട്രൽ കപ്പുകൾ പുറത്തിറക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്നും നിതീഷ് ബജാജ് പറഞ്ഞു. കെട്ടുകഥകളും തെറ്റിദ്ധാരണകളും കാരണം പല സ്ത്രീകളും മെൻസ്ട്രൽ കപ്പുകൾ പരീക്ഷിക്കാൻ മടിക്കുന്നുണ്ടെന്ന് നമുക്കറിയാം. അതുകൊണ്ടാണ് ആർത്തവ കപ്പുകളുടെ ഗുണങ്ങളെക്കുറിച്ച് സ്ത്രീകളെ ബോധവൽക്കരിക്കാനും, ഏറ്റവും സാധാരണമായ ചില മിഥ്യാധാരണകൾ ഇല്ലാതാക്കാനുമാണ് തങ്ങൾ ഒരു പുതിയ ക്യാമ്പയിൻ ആരംഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# എൻ.എച്ച് അൻവർ ടെലിവിഷൻ പുരസ്കാരം 2023: എൻട്രികൾ ക്ഷണിക്കുന്നു

**കൊച്ചി:**സിഒഎ (കേബിൾ ടിവി ഓപ്പറേറ്റേർസ് അസോസിയേഷൻ) യുടെ സംസ്ഥാന പ്രസിഡായിരുന്ന എൻ.എച്ച്. അൻവറിന്റെ സ്മരണാർത്ഥം എൻ.എച്ച്, അൻവർ ട്രസ്റ്റ് നൽകുന്ന നാലാമത് മാധ്യമ പുരസ്കാരത്തിന് എൻട്രികൾ ക്ഷണിക്കുന്നു. പ്രമുഖ മാധ്യമ പ്രവർത്തകരടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുക.2022 ആഗസ്ത് 1 മുതൽ 2023 ജൂലൈ 31 വരെയുള്ള കാലയളവിൽ സംപ്രേഷണം ചെയ്ത മലയാളം സാറ്റലൈറ്റ് ചാനലുകളിലെയും കേബിൾ ടിവി ചാനലുകളിലെയും മികച്ച വാർത്ത, വാർത്താധിഷ്ഠിത പരിപാടികൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. സാറ്റലൈറ്റ് ന്യൂസ് ചാനലുകൾക്കും കേബിൾ ചാനലുകൾക്കും പ്രത്യേകമായാണ് പുരസ്കാരങ്ങൾ നൽകുക.ടെലിവിഷൻ മാധ്യമ മേഖലയിലെ സമഗ്ര സംഭാവനക്കുള്ള എൻ.എച്ച്. അൻവർ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്ക്കാരം. (25,000 രൂപയും ഫലകവും പ്രശസ്തിപത്രവും),മികച്ച മാധ്യമ പ്രവർത്തകൻ  സാറ്റലൈറ്റ് ന്യൂസ് ചാനൽ(10,000 രൂപയും ഫലകവും പ്രശസ്തിപത്രവും), വിഷയം  വർദ്ധിച്ചു വരുന്ന മയക്കു മരുന്ന് ഉപയോഗം യുവജനങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ. ഈ വിഷയത്തെ അധികരിച്ച് ന്യൂസ് ചാനലിൽ സംപ്രേഷണം ചെയ്ത സ്റ്റോറി/ പ്രോഗ്രാം. മികച്ച മാധ്യമ പ്രവർത്തകൻ  കേബിൾ ചാനൽ(10,000 രൂപയും ഫലകവും പ്രശസ്തിപത്രവും)വിഷയം : വർഷം തോറും നൂറുകണക്കിന് ജീവനുകൾ നഷ്ടപ്പെടുവാൻ കാരണമാകുന്ന വാഹനാപകടങ്ങളെ വിളിച്ചുവരുത്തുന്ന റോഡ് സുരക്ഷയിലെ വീഴ്ചകളും, പാളിച്ചകളും, നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് ടെലികാസ്റ്റ് ചെയ്തിട്ടുള്ള സാമൂഹിക പ്രസക്തമായ വാർത്താധിഷ്ഠിത പരിപാടി/ ന്യൂസ് സ്റ്റോറി,മികച്ച വാർത്താധിഷ്ഠിത പരിപാടി  കേബിൾ ടിവികേബിൾ ചാനലുകളിൽ ഈ കാലയളവിൽ ടെലികാസ്റ്റ് ചെയ്ത സാമൂഹിക പ്രസക്തിയുള്ള പ്രോഗ്രാമാണ് തെരഞ്ഞെടുക്കുക.കേബിൾ ചാനലുകളിലെ മികച്ച പ്രോഗ്രാം പ്രൊഡ്യൂസർ, അവതാരകൻ, എഡിറ്റർ, ക്യാമറാ പേഴ്സൺ എന്നിവർക്കും പുരസ്കാരങ്ങൾ നൽകും.ഒരു ചാനലിൽ നിന്നും പരമാവധി മൂന്ന് എൻട്രികൾ മാത്രമേ പരിഗണിക്കുകയുള്ളു.പുരസ്കാരത്തിനായി സമർപ്പിക്കുന്ന പ്രോഗ്രാമുകളുടെ ലിങ്കും ടെലികാസ്റ്റ് സർട്ടിഫിക്കറ്റും nhanwarawards@gmail.com എന്ന ഇമെയിലിൽ സെപ്തംബർ 2ന്  മുമ്പായി ലഭിയ്ക്കണം. ഏത് വിഭാഗത്തിലാണ് പുരസ്കാരത്തിനായി അപേക്ഷിക്കുന്നതെന്ന് സബ്ജക്ട് ലൈനിൽ വ്യക്തമാക്കണം.

## ആർകെ സ്വാമി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ക്രിയേറ്റീവ്, മീഡിയ, ഡാറ്റഅനലിറ്റിക്സ്, മാർക്കറ്റ് റിസർച്ച് തുടങ്ങിയവയ്ക്കുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സംയോജിത മാർക്കറ്റിങ് സേവനദാതാക്കളായ ആർകെ സ്വാമി ലിമിറ്റഡ്  പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. 215 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള ഓഹരിയുടമകളുടെ 8,700,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

## എപാക്ക് ഡ്യൂറബിൾ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിൽ അതിവേഗം വളരുന്ന  റൂം എയർകീഷണർ ഒർജിനൽ ഡിസൈൻ (ഒഡിഎം) നിർമ്മാതാക്കളായ എപാക്ക് ഡ്യൂറബിൾ ലിമിറ്റഡ്  പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള,  400 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 1,30,67,890 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

## 13 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ആമസോൺ

**കൊച്ചി:**  ആമസോൺ ഇന്ത്യ പ്രത്യക്ഷവും പരോക്ഷവുമായ ഇതുവരെ 13 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 62 ലക്ഷത്തിലേറെ ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളെ ഡിജിറ്റലൈസ് ചെയ്യാനും കമ്പനിക്കായിട്ടുണ്ടെന്നും ആമസോൺ ഇന്ത്യ പുറത്തു വിട്ട കണക്കുകൾ ചൂിക്കാട്ടുന്നു.  2025 ഓടെ രാജ്യത്തെ ഒരു കോടി ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളെ ഡിജിറ്റലൈസ് ചെയ്യാനും 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ആമസോൺ പ്രതിജ്ഞാബദ്ധമാണ്. ഈ പാതയിൽ കമ്പനി സുഗമമായി മുന്നേറുന്നു എന്നാണ് കണക്കുകൾ ചൂിക്കാട്ടുന്നത്.

# പൊന്നോമനക്കായി കരൾ പകുത്ത് ഷാദിയ; സന്തോഷം നിറച്ച് എയ്ൻ അമാനി



**കൊച്ചി:** ലോകത്തെ ഏറ്റവും മനോഹരവും വൈകാരികവുമായ ബന്ധമാണ് മാതാവും കുഞ്ഞും തമ്മിലുള്ളത്. ഉദരത്തിൽ ജീവന്റെ തുടിപ്പ് അറിയുന്ന നിമിഷം മുതൽ കുഞ്ഞിന്റെ വരവിനായി അവൾ പ്രതീക്ഷയോടെ കാത്തിരിക്കും. കുഞ്ഞുടുപ്പും കുഞ്ഞിത്തൊപ്പിയുമെല്ലാം ഒരുക്കി വെക്കും. ഒടുവിൽ തന്റെ കുഞ്ഞ് ജനിച്ച സന്തോഷത്തിനിടെയാണ് കുട്ടിക്ക് അൽപ്പായുസേ ഉള്ളൂ എന്ന് മനസിലാക്കുന്നതെങ്കിലോ? കുഞ്ഞിന് വേണ്ടി തന്റെ ജീവൻ പണയം വെക്കാനും അവൾക്ക് മടിയുണ്ടാകില്ല.അത്തരത്തിൽ ഒരു മാതാവിന്റെ കഥക്കാണ് കൊച്ചി ആസ്റ്റർ മെഡ്സിറ്റി സാക്ഷ്യം വഹിച്ചത്. സ്വന്തം കുഞ്ഞിന് വേണ്ടി കരൾ പകുത്ത് നൽകാൻ ഒരു നിമിഷം പോലും അമാന്തിക്കാതിരുന്ന ഒരു മാതാവിന്റെ കഥ. ഡോക്ടർ കൂടിയായ ഷാദിയയാണ് ബൈലറി അട്രേഷ്യ എന്ന രോഗം ബാധിച്ച മകൾ എയ്ൻ അമാനിക്ക് കരൾ നൽകിയത്.മലപ്പുറം സ്വദേശികളായ ഷാദിയയും എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറായ ഭർത്താവ് മുഹമ്മദ് ഷെറിനും വർഷങ്ങളായി അബൂദാബിയിലാണ് താമസിക്കുന്നത്. ഇരുവരുടെയും ജീവിതത്തിലെ വെളിച്ചമായിട്ടായിരുന്നു കുഞ്ഞായ എയ്ൻ അമാനിയുടെ ജനനം. ദമ്പതികളുടെ രണ്ടാമത്തെ മകളായിരുന്ന അമാനി ജന്മനാ തന്നെ കരളിനെ ബാധിക്കുന്ന ബൈലറി അട്രേഷ്യ എന്ന രോഗബാധിതയായിരുന്നു. നവജാത ശിശുക്കളുടെ കരളിനെയും പിത്ത നാളിയെയും ബാധിക്കുന്ന രോഗം എത്രയും വേഗം ചികിത്സിച്ചില്ലെങ്കിൽ ജീവന് തന്നെ ഭീഷണിയാകും. ഒരു വേള ആ കുടുംബത്തിന്റെ സന്തോഷം തല്ലിക്കെടുത്തുന്ന വാർത്തയായിരുന്നു ഇത്. തുടർന്ന് അബുദാബിയിൽ അടിയന്തിര ചികിത്സകൾ നൽകിയെങ്കിലും ഫലം കണ്ടില്ല.എല്ലാവരും പകച്ചു നിന്ന ആ നിമിഷം നിശ്ചയദാർഢ്യത്തിന്റെ പ്രതിരൂപമായ ഒരു മാതാവായി മാറുകയായിരുന്നു ഷാദിയ. വിഷമിച്ചിരുന്നിട്ട് കാര്യമില്ലെന്ന് അറിയാമായിരുന്ന ഡോക്ടർ കൂടിയായ ഷാദിയ തന്റെ കുഞ്ഞിന് ലോകത്ത് എവിടെ കൊണ്ടുപോയിട്ടാണെങ്കിലും ഏറ്റവും മികച്ച ചികിത്സ തന്നെ നൽകുമെന്ന് ഉറപ്പിച്ചിരുന്നു.ലോകത്തെ വിവിധ ആശുപത്രികളെ കുറിച്ച് നടത്തിയ അന്വേഷണങ്ങൾക്കൊടുവിലാണ് കൊച്ചി ആസ്റ്റർ മെഡ്സിറ്റി കണ്ണിലുടക്കിയത്. ഇവിടുത്തെ ഹെപ്പറ്റോ പാൻക്രിയാറ്റോ ബൈലേറിയ ആൻഡ് അബ്ഡോമിനൽ മൾട്ടിഓർഗൻ ട്രാൻസ്പ്ലാന്റിൽ പ്രതീക്ഷ അർപ്പിച്ചായിരുന്നു കൊച്ചിയിലെത്തിയത്. സീനിയർ കൺസൾട്ടന്റ് ഡോ. മാത്യു ജേക്കബിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കുഞ്ഞിന്റെ ജീവൻ രക്ഷിക്കാനുള്ള ഏക മാർഗം കരൾ മാറ്റിവയ്ക്കൽ മാത്രമാണെന്ന് കണ്ടെത്തി. തന്റെ പൊന്നോമനക്കായി ജീവൻ കൊടുക്കാൻ പോലും തയ്യാറായിരുന്ന ഷാദിയ സ്വമേധയ കരൾ പകുത്ത് നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ട് വരികയായിരുന്നു. വിജയകരമായ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയയിലൂടെയാണ് കരൾ എടുത്തത്. തുടർന്ന് ഓപ്പൺ ശസ്ത്രക്രിയയിലൂടെ കുഞ്ഞിന് വെച്ചുപിടിപ്പിച്ചു. മികച്ച രോഗീ പരിചരണം കൂടി ലഭിച്ചതോടെ ഇരുവരും അതിവേഗത്തിലാണ് സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയത്.നഷ്ടപ്പെടുമെന്ന് കരുതിയിരുന്ന അമാനിയുടെ കളി ചിരികളാൽ മുഖരിതമാണ് ഇന്ന് ആ കുടുംബം. അതിന് കാരണമായതിന്റെ ചാരിതാർത്ഥ്യത്തിലാണ് ആസ്റ്റർ മെഡ്സിറ്റിയിലെ ഡോക്ടർമാരും. ഷാദിയയുടെ നിശ്ചയദാർഢ്യത്തിന് വലിയ കൈയടി നൽകേണ്ടതാണെന്നും ഒരർത്ഥത്തിൽ അമാനിയുടെ നിറഞ്ഞ ചിരിക്ക് കാരണക്കാരാകാൻ കഴിഞ്ഞതിൽ ഡോക്ടർ എന്ന നിലയിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്നും ഡോ. മാത്യു ജേക്കബ് പറഞ്ഞു.

## കിറ്റ്സിൽ ഗസ്റ്റ് ഫാക്കൽറ്റി

KITTS
Kerala Institute of Tourism & Travel Studies

**തിരുവനന്തപുരം:** ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) ടൂറിസം മാർക്കറ്റിംഗ് /ഹോട്ടൽ ഹോസ്പിറ്റാലിറ്റി വിഷയങ്ങളിൽ കൈകാര്യം ചെയ്യുന്നതിന് ഗസ്റ്റ് ഫാക്കൽറ്റി തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അഞ്ച് ഒഴിവുകളുണ്ട്.ടൂറിസം മാർക്കറ്റിംഗിൽ തിരുവനന്തപുരത്തും തലശ്ശേരിയിലും ഓരോ ഒഴിവുണ്ട്. യോഗ്യത 60 ശതമാനം മാർക്കോടെ എം.ബി.എ (ട്രാവൽ ആൻഡ് ടൂറിസം)/എം.ടി.ടി.എം യു.ജി.സി നെറ്റ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഹോട്ടൽഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ തിരുവനന്തപുരം, എറണാകുളം/മലയാറ്റൂർ, തലശ്ശേരി എന്നിവിടങ്ങളിൽ ഓരോ ഒഴിവുണ്ട്.യോഗ്യത 60 ശതമാനം മാർക്കോടെ ഹോട്ടൽ മാനേജ്മെന്റ് ബിരുദം, (NCHMCT) / യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 01.01.2023ന് 50 കഴിയാൻ പാടില്ല. പ്രതിമാസ വേതനം 24,00 രൂപ. യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പികൾ സഹിതമുള്ള വിശദമായ അപേക്ഷ ഡയറക്ടർ, കിറ്റ്സ്, തൈക്കാട്, തിരുവനന്തപുരം14 എന്ന വിലാസത്തിൽ ഓഗസ്റ്റ് 18നു മുമ്പായി അയക്കണം. വിശദവിവരങ്ങൾക്ക്:
**www.kittsedu.org**
**0471 2327707/2329468.**

# ഇൻഫോപാർക്കിൽ വനിതാജീവനക്കാർക്കായി വെൽനെസ് പ്രോഗ്രാം



**കൊച്ചി:** കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി ഇന്ത്യൻ വുമൺ നെറ്റ്‌വർക്കിന്റെ (സി.ഐ.ഐ ഐ.ഡബ്ല്യു.എൻ) കേരള ചാപ്റ്റർ ഇൻഫോപാർക്കിന്റെ സഹകരണത്തോടെ ഇൻഫോപാർക്ക് വനിതാജീവനക്കാർക്കായി വെൽനസ് പ്രോഗ്രാം സംഘടിപ്പിച്ചു. വെൽനസ് 360 എന്ന പേരിൽ ഇൻഫോപാർക്ക് കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയിൽ വിവിധ കമ്പനികളിൽ നിന്നായി നൂറോളം വനിതാ സംരംഭകരും ജീവനക്കാർ പങ്കെടുത്തു.സമൂഹത്തിന്റെ മുൻനിരയിലേക്ക് കൂടുതൽ സ്ത്രീകൾ കടന്ന് വരുന്നതിനും വനിതാജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്നതിനും ഇൻഫോപാർക്ക് പ്രതിജ്ഞാബദ്ധമാണെന്നും അതിന് വേണ്ടിയുള്ള എല്ലാ പിന്തുണയും ഉണ്ടാകുമെന്നും പരിപാടി ഉദ്ഘാടനം ചെയ്ത് ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. അവാൻസോ സൈബർ സെക്യൂരിറ്റി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറും ഇന്ത്യയിലെ ആദ്യ വുമൺ സൈബർ ക്രൈം ഇൻവെസ്റിഗേറ്ററുമായ ധന്യ മേനോൻ സൈബറിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് മുഖ്യപ്രഭാഷണം നൽകി. വ്യക്തിപരവും സാമൂഹികവും ധനകാര്യവും തൊഴിൽപരവുമായി സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും, നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും ടീം വൺ അഡ്വെർടൈസിങ് കമ്പനി മാനേജിങ് ഡയറക്ടർ വിനോദിനി ഐസക്, ബൈഫ ഡ്രഗ് ലബോറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ്, സി.ഐ.ഐ കോട്ടയം സോണൽ കൗൺസിൽ മുൻ ചെർമാനും ബൈഫ ഡ്രഗ് ലബോറട്ടറീസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ് ഡിറ്റക്ടറുമായ അജയ് ജോർജ് വർഗീസ്, സി.ഐ.ഐ ഐ.ഡബ്ല്യു.എൻ വൈസ് ചെയർവുമണും ഹെർ മണിടോക്സ് സ്ഥാപകയും സി.ഇ.ഒയുമായ നിസറി മഹേഷ് എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു.പരിപാടിയിൽ പങ്കെടുത്തവർക്ക് സൗജന്യ നേത്രപരിശോധനാ ക്യാമ്പും എഫ്ത്ത സ്പീച്ച് ആൻഡ് ഹിയറിങ് സെന്ററിന്റെ സൗജന്യ ശ്രവണ പരിശോധനയും ഒരുക്കിയിരുന്നു. സി.ഐ.ഐ ഐ.ഡബ്ല്യു.എൻ ചെയർവുമണും ഇറ്സറിൻ ഡിജിറ്റൽ സർവിസ്സ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകയും സി.ഇ.ഒയുമായ ബിൻസി ബേബി ചടങ്ങിൽ സംസാരിച്ചു.

